VOL NO: 07 I ISSUE 34
www.nerpatham.com
mail@nerpatham.com
2023 AUGUST 26 I ₹10

# നേർപഥം
വാരിക



# പ്രാർഥനയുടെ പൊരുൾ

നിസ്സഹായന്റെ രോദനം മാത്രമല്ല പ്രാർഥന. ഏതൊരുത്തന്റെയും കരുത്തുറ്റ ആയുധം കൂടിയാണത്. തങ്ങളുടെ അറിവും കഴിവും മസിൽ പവറുമാണ് തീരുമാനങ്ങളുടെ മൂലകാരണമെന്ന മൗഢ്യധാരണയുടെ മുതുകത്തേക്കാണ് പലപ്പോഴും, വിധി എന്ന് നാം പരിചയപ്പെടുത്താറുള്ള തീരുമാനങ്ങൾ വന്നുപതിക്കാറ്. വിധിയുടെ ആത്യന്തിക ഉറവിടം അല്ലാഹുവിൽ നിന്നാണെന്ന് ഉറച്ചുവിശ്വസിക്കുമ്പോഴേ കറകളഞ്ഞ പ്രാർഥന മനസ്സിൽ നിർഗളിക്കുകയുള്ളൂ.

## ഏകീകൃത സിവിൽകോഡ്; പ്രസക്തിയും പ്രത്യാഘാതവും

|| അനന്തവിശാലമായ പ്രപഞ്ചം

|| കണ്ണും കാതും കവർന്ന പ്രണയം

|| അന്വേഷണത്തെ സഹായിക്കുന്ന പരീക്ഷണങ്ങൾ




**കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244**

**WhatsApp: 9207525244**


WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



ഹുസൈൻ സലഫിയുടെ

**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**

എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന

4 പുസ്തകങ്ങൾ

ഇപ്പോൾ വെറും **500 രൂപക്ക്...!!!**

MERCHANT NAME: WISDOM ISLAMIC ORGANIZATION

UPI ID: WISDOMISLAMICCLT@SBI

**SCAN & PAY**

BHIM SBI Pay

BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0344
# നേർപഥം
വാരിക

2023 ആഗസ്റ്റ് 26
1445 സ്വഫർ 10
പുസ്തകം 07 / ലക്കം 34




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
പ്രാർഥനയുടെ പൊരുൾ
ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05 തിരിച്ചറിവിന്റെ അഭാവം വരുത്തുന്ന നഷ്ടം

ലേഖനം
06 ഏകീകൃത സിവിൽകോഡ്; പ്രസക്തിയും പ്രത്യാഘാതവും
അലി മുഹമ്മദ് തയ്യിൽ
ജില്ലാ ജഡ്ജ് (റിട്ട.)

ലേഖനം
18 അനന്തവിശാലമായ പ്രപഞ്ചം
മുബാറക് ബിൻ ഉമർ

ലേഖനം
22 കണ്ണും കാതും കവർന്ന പ്രണയം
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26 ചില പ്രവചനങ്ങൾ
ഷാഹുൽ പാലക്കാട്

നിയമപഥം
31 അന്വേഷണത്തെ സഹായിക്കുന്ന പരീക്ഷണങ്ങൾ
അബൂ ആദം അയ്മൻ

ക്വുർആൻ ദർശനം
32 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

കവിത
34 ഇസ്‌ലാം
തെസ്നവീരാൻ



# വംശീയ ഉന്മൂലനം ലക്ഷ്യമാക്കിയുള്ള അതിക്രമങ്ങൾ തടയണം: വിസ്ഡം സംസ്ഥാന എക്സിക്യുട്ടീവ്

കോഴിക്കോട്: ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്മൂലനം ലക്ഷ്യമാക്കി ആസൂത്രിതമായി രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അതിക്രമങ്ങൾ ആശങ്കാജനകമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന എക്സിക്യുട്ടീവ് ആവശ്യപ്പെട്ടു.

ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങളെയും വൈവിധ്യങ്ങളെയും തകർക്കാനുള്ള നീക്കങ്ങളെ ജനാധിപത്യപരമായി ചെറുക്കണം. സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി ഫാഷിസ്റ്റ് ശക്തികൾക്ക് പിന്തുണ നൽകുന്നവർ രാജ്യത്തെ ഒറ്റുകൊടുക്കുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ജനാധിപത്യപരമായി പ്രതിഷേധിക്കാനും നിലപാടുകൾ പ്രചരിപ്പിക്കാനുമുള്ള അവകാശങ്ങളെ ഭരണസ്വാധീനത്തിൽ തടയാൻ ശ്രമിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

വ്യക്തിസ്വാതന്ത്ര്യം മറയാക്കി പൊതു പ്ലാറ്റ്ഫോമായ സോഷ്യൽ മീഡിയ ഉപയോഗിച്ച് സമൂഹത്തെ തെറ്റായ ദിശയിലേക്ക് നയിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്നും സംസ്ഥാന എക്സിക്യുട്ടീവ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, അബൂബക്കർ സലഫി, ഫൈസൽ മൗലവി, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, ശരീഫ് ഏലാംകോട്, അബ്ദുല്ലത്വീഫ് സുല്ലമി, അശ്റഫ് സുല്ലമി, നബീൽ രണ്ടത്താണി, അശ്റഫ് അബൂബക്കർ, ബശീർ കാസർക്കോട്, ഹംസക്കുട്ടി സലഫി, ജാബിർ വി എം, നിസാർ കരുനാഗപ്പള്ളി, ഡോ. സി.എം ഷാനവാസ്, റസാഖ് അത്തോളി, വി.ടി ബശീർ, നസീർ തിരുവനന്തപുരം, റശീദ് കുട്ടമ്പൂർ, ജലീൽ ഒതായി, അബ്ദുല്ല സാഹിബ്, അബ്ദുറഹ്മാൻ മീനങ്ങാടി, റശീദ് മാസ്റ്റർ, ഹുസൈൻ കാവനൂർ, കെ സി അയ്യൂബ്, അശ്റഫ് കല്ലായി എന്നിവർ പ്രസംഗിച്ചു. സി.പി സലീം പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ. സജാദ് സാമ്പത്തിക റിപ്പോർട്ടുംഅവതരിപ്പിച്ചു. ■

# പ്രൗഢമായ ആദർശ സമ്മേളനം

കണ്ണൂർ: വിസ്ഡം യൂത്ത് സംസ്ഥാന സമിതി തളിപ്പറമ്പ് സയ്യിദ് നഗറിൽവച്ച് നടത്തിയ ആദർശ സമ്മേളനം പ്രൗഢോജ്വലമായി. ഇസ്‌ലാമിന്റെ അടിത്തറയാണ് തൗഹീദ്. ആരാധനകൾ അല്ലാഹുവിനോട് മാത്രമാകൽ അനിവാര്യമാണ്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നവൻ. അതായിരിക്കണം മുസ്‌ലിംകളുടെ വിശ്വാസം. എന്നാൽ ചില പണ്ഡിതവേഷധാരികൾ യാതൊരു മടിയുമില്ലാതെ ഈയിടെയായി സമൂഹത്തോട് വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നത് ഈ ലോകത്തെ നിയന്ത്രിക്കുന്നത് മരണപ്പെട്ടുപോയ സി.എം മടവൂർ ആണ് എന്നാണ്. 'മുദബ്ബിറുൽ ആലം' (ലോകത്തെ നിയന്ത്രിക്കുന്നവൻ) എന്ന പദവിയിലാണ് അദ്ദേഹത്തെ ഇവർ അവരോധിച്ചിരിക്കുന്നത്.

ഈ പിഴച്ച വാദത്തിന്റെ അപകടകവും നിരർഥകതയും ജനങ്ങളെ ബോധ്യപ്പെടുത്തുവാനും തൗഹീദിന്റെ പ്രാധാന്യവും ശിർക്കിന്റെ ഗൗരവവും മനസ്സിലാക്കിക്കൊടുക്കുവാനുമായി സംഘടിപ്പിച്ച വമ്മേളനത്തിൽ ആയിരങ്ങളാണ് പങ്കെടുത്തത്. ഈ പിഴച്ച വാദം തലപൊക്കിയ നാൾ മുതൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും അതിന്റെ പോഷക സംഘടനകളും ഇതിനെതിരെ ശക്തമായ പോരാട്ടത്തിലാണ്. കേരളത്തിലെ മിക്കവാറും ജില്ലകളിൽ ആദർശ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. മുഖാമുഖങ്ങൾ നടത്തി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി അബ്ദുൽ മാലിക് സലഫി ഉദ്ഘാടനം ചെയ്തു. ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി, സി.പി സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, മൂസ സ്വലാഹി, സഫീർ അൽഹികമി, മുശ്താക് അൽഹികമി എന്നിവർ സംസാരിച്ചു. ■

# തിരിച്ചറിവിന്റെ അഭാവം വരുത്തുന്ന നഷ്ടം

മനുഷ്യനെ സൃഷ്ടിക്കുകയും അവന് ജീവിതവും മരണവും നിശ്ചയിക്കുകയും ചെയ്ത പ്രപഞ്ചനാഥൻ നിരവധി സ്വഭാവ വൈവിധ്യങ്ങളോട് കൂടിയാണ് മനുഷ്യപ്രകൃതിയെ സംവിധാനിച്ചിട്ടുള്ളത്. എല്ലാവർക്കും പല സവിശേഷതകളും അല്ലാഹു നൽകിയതിൽ പല യുക്തിയുമുണ്ടാവാം. പരസ്പരം തിരിച്ചറിയാനുള്ള ഒരു ഉപാധിയായി മാത്രം മനുഷ്യൻ ഇക്കാര്യം മനസ്സിലാക്കിയാൽ മതി. ഭക്തിയോടുകൂടി ജീവിക്കുന്നവരാരോ അവരെയാണ് അല്ലാഹു ഇഷ്ടപ്പെടുക. അവർക്കു മാത്രമാണ് ശാശ്വത രക്ഷ. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (49:13).

ഒരു ജീവിയെന്ന നിലയിൽ മനുഷ്യനിൽ സഹജമായി നിലകൊള്ളുന്ന പല ശീലങ്ങളെയും സ്വഭാവങ്ങളെയും മറികടന്നുകൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും മുന്നോട്ടു പോവുക സാധ്യമല്ല. എന്നാൽ അവയെ നിയന്ത്രിക്കുകയും നിയമവിധേയവും സ്രഷ്ടാവിന്റെ താൽപര്യാനുസൃതവും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ് എന്ന് വിശുദ്ധ ക്വുർആൻ മാനവരാശിയെ പഠിപ്പിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു: "ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല"(30:30).

പ്രകൃതിയുമായുള്ള ഇണക്കം ഇസ്‌ലാമിന്റെ സഹജ ഗുണമാണെന്നും അത് മനുഷ്യന് അനിവാര്യമായ മാർഗദർശനമാണെന്നും ഈ സൂക്തം ചൂണ്ടിക്കാണിക്കുന്നു.

ഇസ്‌ലാം മനുഷ്യരാശിയുടെ ഏകീകരണത്തിനുള്ള ഏക ഉപരാധിയാണെന്ന് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നു. മനുഷ്യപ്രകൃതിയിലെ ജൈവസവിശേഷതകളും ഗുണങ്ങളുമെല്ലാം ഏകദൈവാദർശത്തി ന്റെ അനിവാര്യത എന്ന സാക്ഷ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

"നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്തു. സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) 'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?' അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെ പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് അങ്ങനെ ചെയ്തത്"(7:172).

വികലമനസ്കനല്ലാത്ത ഏതൊരു മനുഷ്യനും തുറന്നു സമ്മതിക്കും; ഞാൻ എങ്ങനെയോ അങ്ങ് ഉണ്ടായതല്ല; പ്രത്യുത സർവജ്ഞനും സർവശക്തനുമായ സൃഷ്ടികർത്താവ് വിസ്മയകരമാം വിധം തന്നെ സംവിധാനിച്ചിരിക്കുകയാണെന്ന്. ഈ തിരിച്ചറിവാണ് പ്രധാനം. അതില്ലാത്തവരാണ് സർവശക്തനിൽ അഭയം തേടേണ്ടതിനു പകരം സർവശക്തന്റെ ദുർബലരായ സൃഷ്ടികളിൽ അഭയം തേടുന്നത്.




# ഏകീകൃത സിവിൽകോഡ്: പ്രസക്തിയും പ്രത്യാഘാതവും

**അലി മുഹമ്മദ് തയ്യിൽ**
**ജില്ലാ ജഡ്ജ് (റിട്ട.)**

**ഏകീകൃത സിവിൽ കോഡിനുവേണ്ടി വാദിക്കുന്നവരുടെ പ്രധാനമായ ഒരു വാദം അതു ദേശീയോദ്ഗ്രഥനത്തെ എളുപ്പമാക്കുമെന്നാണ്. നമ്മുടെ രാജ്യത്തിന്റെയും ഭരണഘടനയുടെയും പ്രധാന മുഖമുദ്രയും സന്ദേശവുംതന്നെ നാനാത്വത്തിൽ ഏകത്വം എന്നതാണല്ലോ. അതു നമ്മുടെ ഭരണഘടനയുടെ ഒരടിസ്ഥാന ഘടകം തന്നെയാണ്. നാനാത്വത്തെ അവഗണിച്ചുകൊണ്ടുള്ള ഏകത്വമല്ല ദേശീയോദ്ഗ്രഥനം.**

ഏകീകൃത സിവിൽ കോഡ് ഇന്ന് ഏറെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭരണഘടന നിർമാണ കാലംമുതൽ ഇന്നുവരെയും അനുകൂലമായും എതിരായുമുള്ള അഭിപ്രായങ്ങളും വാഗ്വാദങ്ങളും ഇതു സംബന്ധിച്ചു നടന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ ഭരണഘടനയുടെ മാർഗനിർദേശക തത്ത്വങ്ങൾ എന്ന ഭാഗത്ത് 44ാം അനുഛേദമായിട്ടാണ് അതു പറഞ്ഞിട്ടുള്ളത്. നമ്മുടെ രാജ്യത്തിലെ പൗരൻമാർക്കാകമാനം ബാധകമായ ഒരു ഏകീകൃത സിവിൽകോഡ് കൊണ്ടുവരേണ്ടതിനായി ഭരണകൂടം ശ്രമിക്കേണ്ടതുണ്ട് എന്നാണ് അത് നിർദേശിക്കു ന്നത്.

ഈ അനുഛേദം ഉൾകൊള്ളുന്ന 4ാം ഭാഗത്തിനു മുമ്പായി ഭരണഘടനയുടെ 3ാം ഭാഗത്തിൽ രാജ്യത്തിലെ പൗരന്മാരുടെയും അല്ലാത്തവരുടെയും മൗലികാവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.


മൗലികാവകാശങ്ങളെപ്പറ്റി പറയുമ്പോൾ

**ഇന്ത്യയെ ഒന്നിച്ച് (ഒറ്റ ഇന്ത്യ എന്ന നിലയ്ക്ക്) ഒരു ഭരണഘടനയ്ക്കു കീഴിൽ നിലനിർത്താൻ ഈ വ്യത്യസ്തതകളെ അഥവാ നാനാത്വത്തെ അംഗീകരിച്ചുകൊണ്ടും നിലനിർത്തിക്കൊണ്ടും മാത്രമെ കഴിയൂ എന്ന തിരിച്ചറിവ് നമ്മുടെ ഭരണഘടനാശിൽപികൾക്കും രാഷ്ട്ര നേതാക്കൾക്കും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ വ്യത്യസ്തതകളെ അംഗീകരിച്ചുകൊണ്ടും മാനിച്ചുകൊണ്ടുമുള്ള ഒരു ഭരണഘടനക്കാണവർ രൂപംനൽകിയത്. അതുകൊണ്ടുതന്നെയാണ് ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയായി നമ്മുടെ ഭരണഘടന നിലനിൽക്കുന്നത്.**

ഓർക്കേണ്ടതായ ചില ചരിത്രസത്യങ്ങളുണ്ട്. ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്ന അവസരത്തിൽ ഇന്നത്തെപ്പോലെ ഒരു ഏകീകൃതമായ ഇന്ത്യയല്ലായിരുന്നു നിലനിന്നിരുന്നത്; ബ്രിട്ടീഷ് ഭരണ പ്രദേശങ്ങളും പല നാട്ടുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരിക്കുന്ന നാട്ടുരാജ്യങ്ങളുമൊക്കെയായി പല രാജ്യങ്ങളായി കിടക്കുകയായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം ഈ വിവിധ ദേശങ്ങളെ അല്ലെങ്കിൽ രാജ്യങ്ങളെ ഒന്നിച്ച് ഒരു ഇന്ത്യ എന്ന നിലക്ക് ഒരു ഭരണഘടനയുടെ കീഴിൽ കൊണ്ടുവരിക എന്നത് വലിയ വെല്ലുവിളിയായിരുന്നു. ഇതിനും പുറമെയായിരുന്നു ജനങ്ങൾക്കിടയിലെ വർണ, വർഗ, മത, ജാതി, ഭാഷാവ്യത്യാസങ്ങൾ. വിവിധ ദേശങ്ങളെ ഒന്നിപ്പിക്കുക എന്നതുപോലെ നടപ്പാക്കാൻ കഴിയാത്ത ഒന്നായിരുന്നു ഈ വ്യത്യാസങ്ങൾ. ഇന്നും അതു തന്നെയാണ് സ്ഥിതി.

ഇന്ത്യയെ ഒന്നിച്ച് (ഒറ്റ ഇന്ത്യ എന്ന നിലയ്ക്ക്) ഒരു ഭരണഘടനയ്ക്കു കീഴിൽ നിലനിർത്താൻ ഈ വ്യത്യസ്തതകളെ അഥവാ നാനാത്വത്തെ അംഗീകരിച്ചുകൊണ്ടും നിലനിർത്തിക്കൊണ്ടും മാത്രമെ കഴിയൂ എന്ന തിരിച്ചറിവ് നമ്മുടെ ഭരണഘടനാശിൽപികൾക്കും രാഷ്ട്ര നേതാക്കൾക്കും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ വ്യത്യസ്തതകളെ അംഗീകരിച്ചുകൊണ്ടും മാനിച്ചുകൊണ്ടുമുള്ള ഒരു ഭരണഘടനക്കാണവർ രൂപംനൽകിയത്. അതുകൊണ്ടുതന്നെയാണ് ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയായി നമ്മുടെ ഭരണഘടന നിലനിൽക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയാണ് അതിലെ മൗലികാവകാശങ്ങൾ. ഭരണകൂടത്തിനു നിയമംമൂലം മാറ്റം വരുത്തുവാനോ എടുത്തുകളയാനോ പാടില്ലാത്തവയാണ് ഈ മൗലികാവകാശങ്ങൾ എന്ന 13ാം അനുഛേദം ഒരു മൗലികാവകാശമായി തന്നെ പ്രഖ്യാപിക്കുന്നു. കോടതി ഇടപെടലുകൾ കൊണ്ടും മറ്റും ഈ ഒരവസ്ഥക്കു കുറച്ചൊക്കെ മാറ്റം വന്നിട്ടുണ്ടെങ്കിലും ഭരണഘടനയുടെ അടിസ്ഥാനഘടനയിൽ ഒരിക്കലും മാറ്റം വരുത്താൻ പാടില്ല എന്ന ബഹു:സുപ്രീംകോടതിയുടെ കേശവാനന്തഭാരതി കേസിലെ വിധി ഇപ്പോഴും നിലനിൽക്കുന്നു. മതേതരത്വം, ജനാധിപത്യം, നിയമവാഴ്ച തുടങ്ങി പല അടിസ്ഥാന ഘടകങ്ങളും കോടതി എടുത്തു പറഞ്ഞിട്ടുള്ളവയാണ്. ഇവ ഒരു ഘട്ടത്തിലും മാറ്റത്തിനു വിധേയമാക്കാൻ സാധ്യമല്ലാത്തവയാണ് എന്നാണ് വിധി.




ഇന്ത്യൻ മതേതരത്വം എന്നത് മത നിരാസമല്ല, മതങ്ങളോടുള്ള തുല്യ പരിഗണനയാണ് എന്നാണ് ബഹു: സുപ്രീംകോടതിയടക്കം പ്രഖ്യാപിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ നാനാത്വത്തിലെ ഏകത്വത്തെ നിലനിർത്തുന്നത് ഇത്തരം ചില അടിസ്ഥാന ഘടകങ്ങളാണ്. ഇവ നഷ്ടപ്പെട്ടാൽ ഇന്ത്യ ശിഥിലമാവുകയായിരിക്കും ഫലം. ഓരോ മതക്കാർക്കും അവരവരുടെ മതം അനുസരിച്ചു ജീവിക്കാനുള്ള അവകാശവും അവസരവും ഉണ്ടാവുകയാണല്ലോ മതേതരത്വത്തിന്റെ താൽപര്യം. ഒറ്റ മതവും ഒറ്റ സംസ്കാരവുമാണെങ്കിൽ മതേതരത്വം എന്ന സങ്കൽപംതന്നെ ഉണ്ടാവുന്നില്ല.

നമ്മുടെ ഭരണഘടന പ്രാധാന്യം നൽകിയിട്ടുള്ളത് നിർദേശക തത്ത്വങ്ങളെ അപേക്ഷിച്ച് മൗലികാവകാശങ്ങൾക്കാണ് എന്ന് കാണാവുന്നതാണ്; പ്രത്യേകിച്ചും അവ സ്ഥാപിച്ചെടുക്കേണ്ട കാര്യത്തിൽ. അനുഛേദം 32 പ്രകാരം ഒരു പൗരന് തന്റെ മൗലികാവകാശം സ്ഥാപിച്ചെടുക്കാനായി പരമോന്നത നീതിപീഠത്തെ സമീപിക്കാനുള്ള അവകാശവും കൂടി ഒരു മൗലികാവകാശമായിത്തന്നെ നൽകിയിരിക്കുന്നു. മൗലികാവകാശങ്ങളും നിർദേശക തത്ത്വങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസവും ഇതുതന്നെയാണ്. 37ാം അനുഛേദം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് നിർദേശക തത്ത്വങ്ങൾ ഒന്നുപോലും ഒരു കോടതി മുഖേനയും സ്ഥാപിച്ചെടുക്കാവുന്നതല്ല എന്നാണ്.


> **ഇന്ന് സമൂഹത്തെ കാർന്നുതിന്നുകയും എത്രയോ കുടുംബങ്ങളെ, പ്രത്യേകിച്ചു സ്ത്രീകളെ കണ്ണീരിൽ കുളിപ്പിക്കുന്നതുമായ ഈ സാമൂഹ്യവിപത്തിനെതിരെയുള്ള കാര്യമായ വല്ല നിയമനിർമാണങ്ങൾക്കോ സംരംഭങ്ങൾക്കോ വേണ്ടത്ര ഊന്നൽ നൽകാൻ ഭരണാധികാരികൾക്കോ മറ്റു അധികാരസ്ഥാനത്തിരിക്കുന്നവർക്കോ താൽപര്യം കാണുന്നില്ല. പകരം ഈ പറയപ്പെട്ട പൊതുപ്രശ്നങ്ങളോടോ, ലക്ഷ്യങ്ങളോടോ കാര്യമാത്ര പ്രസക്തമായി ബന്ധമില്ലാത്ത ഏകീകൃത സിവിൽകോഡ് എന്ന പ്രശ്നം വലിച്ചിഴച്ചു കൊണ്ടുവരികയാണ് ചെയ്യുന്നത്. അത് സമൂഹത്തിൽ ഭിന്നതയും ചേരിതിരിവും സൃഷ്ടിക്കാനേ ഉപകരിക്കുകയുള്ളൂ.**

നിർദേശക തത്ത്വങ്ങൾ എന്നത് പൊതുവെ നമ്മുടെ ഭരണകൂടം ഭരണ നിർവഹണത്തിലും നിയമ നിർമാണത്തിലുമെല്ലാം ലക്ഷ്യം വെക്കേണ്ടതായ ചില പൊതുലക്ഷ്യങ്ങളും താൽപര്യങ്ങളുമാണ്.

സാമൂഹ്യമായും സാമ്പത്തികമായുമൊക്കെയുള്ള അസമത്വങ്ങളാലും പിന്നാക്കാവസ്ഥകളാലും അവശത അനുഭവിക്കുന്നവരുടെയും കുട്ടികളുടെയും തൊഴിലാളികളുടെയുമെല്ലാം ഉന്നമനവും സംരക്ഷണവും രാജ്യത്തിന്റെ പൊതുവായ അഭിവൃദ്ധിയും യശസ്സും പൊതുജനാരോഗ്യവുമെല്ലാം ലക്ഷ്യംവെച്ചുകൊണ്ടുള്ള ചില നിയമ നിർമാണങ്ങളുടെയും സംരഭങ്ങളുടെയും ആവശ്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഭരണകൂടത്തിനു നൽകുന്ന ചില നിർദേശങ്ങളാണ് നിർദേശക തത്ത്വങ്ങൾ സൂചിപ്പിക്കുന്നത്.

ഇവയിൽ പലതും വളരെ പ്രധാനപ്പട്ടവയും രാജ്യത്തിന്റെ പൊതുജനക്ഷേമവും പൊതുജനാരോഗ്യവുമെല്ലാം സ്പർശിക്കുന്നവയുമാണ് എന്നത് ശരിതന്നെ. ഉദാ: 47ാം അനുഛേദത്തിൽ പറയുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിരോധനം. ഇന്ന് സമൂഹത്തെ കാർന്നുതിന്നുകയും എത്രയോ കുടുംബങ്ങളെ, പ്രത്യേകിച്ചു സ്ത്രീകളെ കണ്ണീരിൽ കുളിപ്പിക്കുന്നതുമായ ഈ സാമൂഹ്യവിപത്തിനെതിരെയുള്ള കാര്യമായ വല്ല നിയമനിർമാണങ്ങൾക്കോ സംരംഭങ്ങൾക്കോ വേണ്ടത്ര ഊന്നൽ നൽകാൻ ഭരണാധികാരികൾക്കോ മറ്റു അധികാരസ്ഥാനത്തിരിക്കുന്നവർക്കോ താൽപര്യം കാണുന്നില്ല. പകരം ഈ പറയപ്പെട്ട പൊതുപ്രശ്നങ്ങളോടോ, ലക്ഷ്യങ്ങളോടോ കാര്യമാത്ര പ്രസക്തമായി ബന്ധമില്ലാത്ത ഏകീകൃത സിവിൽകോഡ് എന്ന പ്രശ്നം വലിച്ചിഴച്ചു കൊണ്ടുവരികയാണ് ചെയ്യുന്നത്. അത് സമൂഹത്തിൽ ഭിന്നതയും ചേരിതിരിവും സൃഷ്ടിക്കാനേ ഉപകരിക്കുകയുള്ളൂ.

രാജ്യത്ത് ഏക സിവിൽകോഡ് നടപ്പിൽ വരുമ്പോൾ വിവിധ മത, വർഗ വിഭാഗങ്ങളുടെ വ്യക്തി നിയമങ്ങളെയാണ് അത് ബാധിക്കുക. നമ്മുടെ രാജ്യത്തെ അടിസ്ഥാനപരവും പ്രധാനപ്പെട്ടവയുമായ എല്ലാ സിവിൽ നിയമങ്ങളും ക്രിമിനൽ നിയമങ്ങൾ പൂർണമായും എല്ലാ പൗരൻമാർക്കും ഒരുപോലെ ബാധകമായ നിലയിലാണ് നടപ്പാക്കിയിട്ടുള്ളത്. വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം എന്നിങ്ങനെ തീർത്തും വ്യക്തിപരവും പരിമിതവുമായ വിഷയങ്ങളിൽ മാത്രമാണ് വ്യക്തിനിയമങ്ങൾ നിലനിൽക്കുന്നത്. ഇവയിൽതന്നെ കുറെയൊക്കെ വ്യക്തികളുടെ തിരഞ്ഞെടുപ്പിനു (Choice) വിധേയമാക്കപ്പെട്ടവയാണ്. ഈ വ്യക്തിനിയമങ്ങൾ മുമ്പ് സൂചിപ്പിച്ചപോലെ ഭരണഘടന ജനങ്ങൾക്കുറപ്പു നൽകിയ ചില മൗലികാവകാശങ്ങളുടെ താൽപര്യപ്രകാരം ഉള്ളവയാണ്. പ്രസ്തുത മൗലികാവകാശങ്ങളാകട്ടെ രാജ്യത്തിലെ വിവിധ മത, വർഗ വിഭാഗങ്ങളെ ഒന്നിച്ച് ഒരു ഭരണഘടനക്കുകീഴിൽ നിലനിർത്താൻ അനിവാര്യമാണ് താനും.



ബഹു: സുപ്രീംകോടതിയും വിവിധ ഹൈക്കോടതികളും പല കേസുകളിലും ഏകസിവിൽ കോഡ് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത എടുത്തുപറയാറുണ്ട് എന്നത് ശരിതന്നെ. പക്ഷേ, അതൊന്നും സിവിൽകോഡിന്റെ പ്രസക്തിയും അനിവാര്യതയും അതതുകേസുകളിലെ തർക്ക

വിഷയമായി (Issues or Points) എടുത്തുകൊണ്ട് അതിന്മേലുള്ള അനുകൂലമായതും എതിരായതുമായ വാദങ്ങൾ ഉന്നയിക്കാനോ തെളിവ് നൽകാനോ കക്ഷികൾക്ക് അവസരം കൊടുത്ത ശേഷമോ അതിന്മേൽ വിചാരണ നടത്തിയ ശേഷമോ അല്ല. അവയെല്ലാം അതത് ജഡ്ജിമാരുടെ വ്യക്തിപരമായ അഭിപ്രായം (Obeter Dictum) എന്ന നിലയ്ക്കേ എടുക്കാൻ കഴിയൂ. എതിരഭിപ്രായമുള്ള ജഡ്ജിമാരും ഉണ്ടാകുമല്ലോ. പക്ഷേ, ഇത്തരം നിരീക്ഷണങ്ങൾക്കു ദൗർഭാഗ്യകരമായ ചില പ്രതിഫലനങ്ങൾ ഉണ്ടാകാറുണ്ട്. കോടതി നടപടികളുടെയും നിയമത്തിന്റെയും ശാസ്ത്രീയ വശങ്ങൾ അറിയാത്ത പൊതുജനം അവയെ കോടതി വിധികളായി തെറ്റുധരിക്കുന്നു. നിക്ഷിപ്ത താൽപര്യമുള്ള ഭരണകൂടങ്ങൾക്ക് ഈ പുകമറയിൽ നിയമം കൊണ്ടുവരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ രാജ്യത്തെയും ജനങ്ങളെയും അടിസ്ഥാനപരമായി ബാധിക്കുന്ന ഇത്ര ഗൗരവമേറിയ ഒരു വിഷയം വ്യക്തവും വ്യാപകവുമായ ചർച്ചകൾക്കോ നിയമ പരിഗണനകൾക്കോ വിധേയമാക്കാതെ ലാഘവത്തോടെ കൈകാര്യം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.

**ബഹു: സുപ്രീംകോടതിയും വിവിധ ഹൈക്കോടതികളും പല കേസുകളിലും ഏക സിവിൽ കോഡ് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത എടുത്തു പറയാറുണ്ട് എന്നത് ശരിതന്നെ. കോടതി നടപടികളുടെയും നിയമത്തിന്റെയും ശാസ്ത്രീയ വശങ്ങൾ അറിയാത്ത പൊതുജനം അവയെ കോടതി വിധികളായി തെറ്റുധരിക്കുന്നു. നിക്ഷിപ്ത താൽപര്യമുള്ള ഭരണകൂടങ്ങൾക്ക് ഈ പുകമറയിൽ നിയമം കൊണ്ടുവരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ രാജ്യത്തെയും ജനങ്ങളെയും അടിസ്ഥാനപരമായി ബാധിക്കുന്ന ഇത്ര ഗൗരവമേറിയ ഒരു വിഷയം വ്യക്തവും വ്യാപകവുമായ ചർച്ചകൾക്കോ നിയമ പരിഗണനകൾക്കോ വിധേയമാക്കാതെ ലാഘവത്തോടെ കൈകാര്യം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു.**



ഭരണഘടനയുടെ 25ാം അനുച്ഛേദം മതസ്വാതന്ത്ര്യം ഉറപ്പ് നൽകുന്നു. പൊതു സമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി ഓരോ വ്യക്തിക്കും തന്റെ വിശ്വാസം അല്ലെങ്കിൽ മതം വച്ചുപുലർത്താനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള മൗലികാവകാശം ഈ അനുച്ഛേദം ഉറപ്പ് നൽകുന്നു. അതുപോലെ തന്നെ, പ്രസക്തമായ മറ്റൊരു അനുച്ഛേദമാണ് 29ാം അനുച്ഛേദം. പ്രത്യേക ഭാഷ, ലിപി, സംസ്കാരം എന്നിവ വച്ചുപുലർത്തുന്ന വിഭാഗങ്ങൾക്ക് അവ സംരക്ഷിച്ചു നിലനിർത്താനുള്ള മൗലികാവകാശം അത് ഉറപ്പ് നൽകുന്നു. ഈ നിലയ്ക്കു ലഭ്യമായ വളരെ പരിമിതമായ വ്യക്തിനിയമങ്ങൾപോലും ഹനിക്കപ്പെടുകയോ എടുത്തുമാറ്റപ്പെടുകയോ ചെയ്യുകയായിരിക്കും ഏകീകൃത സിവിൽ കോഡു കൊണ്ടുണ്ടാകുന്ന ഫലം. അനിവാര്യമെന്നും നീതിയുടെ താൽപര്യം ഉൾപെട്ടതെന്നും കണ്ടുകൊണ്ട് ചില കേസുകളിൽ കോടതിയിടപെടലുകളിലൂടെയും ചിലപ്പോൾ നിയമനിർമാണങ്ങൾ വഴിയുമൊക്കെ ചില വ്യക്തിനിയമങ്ങളിൽ ഭേദഗതികൾ വന്നുചേരാറുണ്ട്. അതുപോലെയായിരിക്കില്ല മേൽപറഞ്ഞ മൗലികാവകാശങ്ങളെയൊക്കെ പാടെ അവഗണിച്ചുകൊണ്ടുള്ള പൂർണമായ ഒരു മാറ്റം. പ്രമുഖ ഭരണഘടനാവിദഗ്ധനായിരുന്ന നാനി പൽക്കിവാലയുടെ അഭിപ്രായത്തിൽ ഭരണകൂടം ലക്ഷ്യം വയ്ക്കേണ്ട ചില പ്രധാന ലക്ഷ്യങ്ങളാണ് നിർദേശക തത്ത്വങ്ങളെങ്കിലും അവ നേടിയെടുക്കേണ്ടത് മൗലികാവകാശങ്ങളാകുന്ന അനുവദനീയമായ മാർഗത്തിലൂടെ മാത്രമാണ്. ഇതുതന്നെ ബഹു: സുപ്രീംകോടതിയും പറഞ്ഞിട്ടുണ്ട്; അഥവാ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മൗലികാവകാശങ്ങളാകുന്ന മാർഗത്തെ മുറിച്ചുകടക്കാനോ മറികടക്കാനോ പാടില്ല എന്ന്.

ഏകീകൃത സിവിൽ കോഡിനുവേണ്ടി വാദിക്കുന്നവരുടെ പ്രധാനമായ ഒരു വാദം അതു ദേശീയോദ്ഗ്രഥനത്തെ എളുപ്പമാക്കുമെന്നാണ്. നമ്മുടെ രാജ്യത്തിന്റെയും ഭരണഘടനയുടെയും പ്രധാന മുഖമുദ്രയും സന്ദേശവുംതന്നെ നാനാത്വത്തിൽ ഏകത്വം എന്നതാണല്ലോ. അതു നമ്മുടെ ഭരണഘടനയുടെ ഒരടിസ്ഥാന ഘടകം തന്നെയാണ്. നാനാത്വത്തെ അവഗണിച്ചുകൊണ്ടുള്ള ഏകത്വമല്ല ദേശീയോദ്ഗ്രഥനം.

# പ്രാർഥനയുടെ പൊരുൾ

**ഉസ്മാൻ പാലക്കാഴി**
: 9656 292 244

**നിസ്സഹായന്റെ രോദനം മാത്രമല്ല പ്രാർഥന. ഏതൊരുത്തന്റെയും കരുത്തുറ്റ ആയുധം കൂടിയാണത്. തങ്ങളുടെ അറിവും കഴിവും മസിൽ പവറുമാണ് തീരുമാനങ്ങളുടെ മൂലകാരണമെന്ന മൗഢ്യധാരണയുടെ മുതുകത്തേക്കാണ് പലപ്പോഴും, വിധി എന്ന് നാം പരിചയപ്പെടുത്താറുള്ള തീരുമാനങ്ങൾ വന്നുപതിക്കാറ്. വിധിയുടെ ആത്യന്തിക ഉറവിടം അല്ലാഹുവിൽ നിന്നാണെന്ന് ഉറച്ചുവിശ്വസിക്കുമ്പോഴേ കറകളഞ്ഞ പ്രാർഥന മനസ്സിൽ നിർഗളിക്കുകയുള്ളൂ.**

ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ സ്വന്തം ദൗർബല്യവും നിസ്സഹായതയും ബോധ്യപ്പെടുന്ന ഒട്ടവധി അവസരങ്ങൾ ഉണ്ടായേക്കാം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സഹായമില്ലാതെ ഒരു നിമിഷം പോലും നിലനിൽക്കുക സാധ്യമല്ല. സൃഷ്ടിക്കുകയും പരിപാലിക്കുകയും ജീവിതത്തിന് ദിശാബോധം നൽകുകയും ചെയ്ത ആ മഹാശക്തിക്ക് മുന്നിൽ മനുഷ്യൻ നിസ്സാരനാണ്. അവനിൽനിന്ന് എന്തെങ്കിലും മറച്ചുവയ്ക്കാൻ മനുഷ്യന് സാധ്യമല്ല.

"തീർച്ചയായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ അറിയുന്നവനാകു ന്നു. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു" (ക്വുർആൻ 35:38).

"...തീർച്ചയായും അല്ലാഹു മനസ്സുകളിലുള്ളത് അറിയുന്നവനാകുന്നു" (3:119).

ഇങ്ങനെയുള്ള ആ അത്യുന്നത ശക്തിക്ക് മുന്നിൽ താഴ്മയോടെ, വിനയത്തോടെ, പ്രതീക്ഷയോടെ മനസ്സിൽതട്ടി അർഥന നടത്തുകയെന്നത് മനുഷ്യന്റെ കടമയാണ്. അത് മനുഷ്യമനസ്സിന് നൽകുന്ന ആശ്വാസവും സമാധാനവും ചെറുതല്ല. അത്യുന്നതനായ സ്രഷ്ടാവിന്റെ സ്നേഹവും

"അല്ലാഹു ലജ്ജിക്കുന്നവനും ഉദാരനുമാണ്. ഒരു അടിമ അല്ലാഹുവിലേക്ക് കൈകൾ ഉയർത്തി പ്രാർഥിച്ചിട്ട് ഒന്നും നൽകാതെ അവ മടക്കുകയെന്നത് അവൻ ലജ്ജിക്കുന്ന കാര്യമാണ്" (തിർമിദി).

ചോദിച്ച് ചോദിച്ച് സ്വർഗത്തിൽ പോകണം, ചോദിക്കാൻ നാണിച്ച് നരകത്തിൽ പോകരുത്.



കാരുണ്യവും ലഭ്യമാകാനുള്ള വഴി പ്രാർഥനയോളം മറ്റൊന്നുമില്ല.

“താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല. ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടു കൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു” (7:55,56).

ജീവിതത്തിലെ പ്രതിസന്ധികളും പ്രയാസങ്ങളും അസമാധാനവും ദൈവവിശ്വാസമില്ലാത്തവരെ പലപ്പോഴും കൊണ്ടെത്തിക്കുക അപകടകരമായ പ്രവണതകളിലേക്കാണ്. മദ്യത്തിന്റെയോ മയക്കു മരുന്നിന്റെയോ മദിരാക്ഷിയുടെയോ ആൾദൈവങ്ങളുടെയോ മായികലോകത്ത് അവർ ആശ്വാസം കണ്ടെത്തും.

**എന്താണ് പ്രാർഥന?**

ഒരു സത്യവിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു കാര്യമാണ് പ്രാർഥന. എന്താണ് പ്രാർഥനയെന്നും അത് ആരോടാകണമെന്നും എങ്ങനെയായിരിക്കണമെന്നും ഇസ്‌ലാം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ ഖുർആനും നബി(സ്വ)യും പഠിപ്പിക്കുന്നത് പ്രാർഥന ആരാധന തന്നെയാണ് എന്നാണ്.

‘പ്രാർഥന അതുതന്നെയാണ് ആരാധന’ എന്നു പറഞ്ഞശേഷം നബി (സ്വ) സൂറത്തു മുഅ്മിനിലെ അറുപതാമത്തെ ആയത്ത് പാരായണം ചെയ്തു: ‘നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്’ (തിർമുദി).

ഇവിടെ അല്ലാഹു പറയുന്നത് ‘നിങ്ങൾ എന്നോട് പ്രാർഥിക്കുക’യെന്നാണ്. പ്രാർഥനയെന്ന ആരാധന നടത്താതെ ആരെങ്കിലും അഹങ്കാരം നടിക്കുന്ന പക്ഷം അവന്ന് കഠിനമായ നരകശിക്ഷയാണുള്ളതെന്നും പറയുന്നു. ആരാധനയാകുന്ന പ്രാർഥന അല്ലാഹുവോടല്ലാ

**മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സഹായമില്ലാതെ ഒരു നിമിഷം പോലും നിലനിൽക്കുക സാധ്യമല്ല. സൃഷ്ടിക്കുകയും പരിപാലിക്കുകയും ജീവിതത്തിന് ദിശാബോധം നൽകുകയും ചെയ്ത ആ മഹാശക്തിക്ക് മുന്നിൽ മനുഷ്യൻ നിസ്സാരനാണ്. അവനിൽനിന്ന് എന്തെങ്കിലും മറച്ചുവയ്ക്കാൻ മനുഷ്യന് സാധ്യമല്ല. ഇങ്ങനെയുള്ള ആ അത്യുന്നത ശക്തിക്ക് മുന്നിൽ താഴ്മയോടെ, വിനയത്തോടെ, പ്രതീക്ഷയോടെ മനസ്സിൽതട്ടി അർഥന നടത്തുകയെന്നത് മനുഷ്യന്റെ കടമയാണ്. അത് മനുഷ്യമനസ്സിന് നൽകുന്ന ആശ്വാസവും സമാധാനവും ചെറുതല്ല. അത്യുന്നതനായ സ്രഷ്ടാവിന്റെ സ്നേഹവും കാരുണ്യവും ലഭ്യമാകാനുള്ള വഴി പ്രാർഥനയോളം മറ്റൊന്നുമില്ല.**

തെ യാതൊന്നിനോടും പാടില്ല എന്നു വ്യക്തം.

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച” (ക്വുർആൻ 40:60).

“(നബിയേ,) പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ച് തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും” (25:177).

“നിന്നോട് എന്റെ ദാസമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്”(2:186).

“(നബിയേ,) പറയുക: നിങ്ങളൊന്ന് പറഞ്ഞുതരൂ; അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്ക് വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾക്ക് വന്നെത്തിയാൽ അല്ലാഹുവല്ലാത്തവരെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുമോ? (പറയൂ;) നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെ മാത്രമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉദ്ദേശിക്കുന്ന പക്ഷം ഏതൊരു വിഷമത്തിന്റെ പേരിൽ നിങ്ങളവനെ വിളിച്ച് പ്രാർഥിക്കുന്നുവോ അതവൻ ദൂരീകരിച്ച് തരുന്നതാണ്. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ (അപ്പോൾ) മറന്നുകളയും” (6:40,41).

“അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക...”(7:180).

“അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്ന് സ്തുതി” (40:85).

**പ്രത്യക്ഷവും,പരോക്ഷവുമായി അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും മൊത്തത്തിൽ പറയുന്ന പേരാണ് ഇബാദത്ത്. പരമമായ വിനയവും താഴ്മയും ഉൾക്കൊണ്ടുള്ള മനസ്സിന്റെ തേട്ടമാകുന്ന പ്രാർഥന ആരാധനയിൽ പ്രധാനമാണ്.**

**പ്രാർഥന എങ്ങനെ?**

ആരാധനാകർമങ്ങൾ ഇസ്ലാം പഠിപ്പിച്ച മുറപ്രകാരവും രീതിയിലും നിലനിർത്തുക എന്നതാണ് മനുഷ്യജീവിതത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അല്ലാഹു പറയുന്നു:

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (51:56).

“ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്” (2:21).

അടിസ്ഥാനപരമായി എന്താണ് ‘ഇബാദത്ത്?’ “പ്രത്യക്ഷവും,പരോക്ഷവുമായി അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും മൊത്തത്തിൽ പറയുന്ന പേരാണ് ഇബാദത്ത്”(ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ(റഹി), അൽഉബൂദീയ്യ ഫിൽ ഇസ്ലാം, പേ/4). ശൈഖ് നാസിറുസ്സഅദി (റ) സൂറഃ ഫാതിഹയുടെ വിശദീകരണത്തിൽ ഇത് എടുത്ത് പറഞ്ഞിട്ടുണ്ട്.

പരമമായ വിനയവും താഴ്മയും ഉൾക്കൊണ്ടുള്ള മനസ്സിന്റെ തേട്ടമാകുന്ന പ്രാർഥന ആരാധനയിൽ പ്രധാനമാണ്. അല്ലാഹു പറയുന്നു:

“അതെന്തു കൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നതെല്ലാം വ്യർഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും” (31:30).

അല്ലാഹുവിന് കീഴ്പ്പെട്ട് ആത്മാർഥമായി ആരാധന നിർ





വഹിക്കാനാണ് ഇസ്‌ലാം കൽപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

"പറയുക: കീഴ്‌വണക്കം അല്ലാഹുവിന് നിഷ്‌കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കീഴ്‌പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കുന്നു" (39:11,12).

**എന്താണ് മനസ്സ്?**

മനുഷ്യമനസ്സിനെ നിർവചിക്കാൻ ഇന്നേവരെ സാധിച്ചിട്ടില്ല. അത് ഇന്നും ഒരു പിടികിട്ടാ പ്രതിഭാസമാണ്. എന്താണ് മനസ്സ് എന്ന ചോദ്യം ആധുനിക മനുഷ്യനും ചോദിക്കുന്നു. മനസ്സിനെ വിമലീകരിക്കാനുതകുന്ന എന്തെങ്കിലും കാര്യം നിർദേശിക്കാൻ ശാസ്ത്ര സിദ്ധാന്തങ്ങൾക്കായിട്ടില്ല. ഇവിടെയാണ് പ്രാർഥനയുടെ സാംഗത്യം പ്രകടമാകുന്നത്. സൃഷ്ടിക്കുകയും പരിപാലിക്കുകയും മരിപ്പിക്കൂകയും മരണാനന്തരം ജീവിപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ മുന്നിൽ വിനീതനായ സൃഷ്ടി മുട്ടുകുത്തുകയാണ്. അവിടെ മനസ്സെന്താണെന്ന് അറിഞ്ഞില്ലെങ്കിലും അത് മലർക്കെ തുറക്കപ്പെടുകയാണ്. ശാന്തിയുടെയും സുരക്ഷിതത്വത്തിന്റെയും വിഹായസ്സിലേക്ക് അത് പറന്നുയരുകയാണ്. ഒരു സൃഷ്ടി തന്റെ മനസ്സിന്റെ വേദനകൾ മറക്കുന്നതും പ്രതീക്ഷയുടെ കവാടങ്ങൾ തുറക്കുന്നതും പ്രാർഥനയുടെ ചാരുതയാർന്ന സ്വകാര്യ നിമിഷങ്ങളിലാണ്.

ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും ഒട്ടേറെ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും വ്യാകുലതകളുടെയും ക്രമരഹിതമായ വികാരങ്ങളുടെയും ശിഥിലമായ ചിന്തകളുടെയും കേദാരമാണ് മനുഷ്യന്റെ മനസ്സ്. ഇത് അവനെ പലപ്പോഴും തെറ്റുകളിലേക്ക് നയിക്കുന്നു.

ക്വുർആൻ അനുശാസിക്കുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (18:28).

ദൈവസ്മരണ മനസ്സിൽ നിറക്കുകയാണ് പ്രാർഥനയുടെ ഉദ്ദേശ്യമെന്ന് ഉപര്യുക്ത സൂക്തം വ്യക്തമാക്കുന്നു. ഇങ്ങനെയുള്ള ഒരു മനസ്സിന്റെ സവിശേഷത അത് ശാന്തിയടഞ്ഞതായിരിക്കുമെന്നതാണ്.

"അതായത് വിശ്വസിക്കുകയും അല്ലാഹുവിനെപ്പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക, അല്ലാവിനെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (13:28).

പ്രാർഥന, സ്വന്തം ന്യൂനതകളെയും ദുർബലതയെയും കുറിച്ചുള്ള ബോധം പകർന്നുതരുന്ന ഒന്നാണ്. അതിൽനിന്ന് ലഭിക്കുന്ന കരുത്തിലൂടെ മനസ്സിനെ സുദൃഢമാക്കുമാനും പ്രതിസന്ധികളിൽ പതറാതെ നിൽക്കാനും മനുഷ്യന് സാധിക്കുന്നു.

**സൃഷ്ടിക്കുകയും പരിപാലിക്കുകയും മരിപ്പിക്കൂകയും മരണാനന്തരം ജീവിപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ മുന്നിൽ വിനീതനായ സൃഷ്ടി മുട്ടുകുത്തുകയാണ്. അവിടെ മനസ്സെന്താണെന്ന് അറിഞ്ഞില്ലെങ്കിലും അത് മലർക്കെ തുറക്കപ്പെടുകയാണ്. ശാന്തിയുടെയും സുരക്ഷിതത്വത്തിന്റെയും വിഹായസ്സിലേക്ക് അത് പറന്നുയരുകയാണ്. ഒരു സൃഷ്ടി തന്റെ മനസ്സിന്റെ വേദനകൾ മറക്കുന്നതും പ്രതീക്ഷയുടെ കവാടങ്ങൾ തുറക്കുന്നതും പ്രാർഥനയുടെ ചാരുതയാർന്ന സ്വകാര്യ നിമിഷങ്ങളിലാണ്. ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും ഒട്ടേറെ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും വ്യാകുലതകളുടെയും ക്രമരഹിതമായ വികാരങ്ങളുടെയും ശിഥിലമായ ചിന്തകളുടെയും കേദാരമാണ് മനുഷ്യന്റെ മനസ്സ്. ഇത് അവനെ പലപ്പോഴും തെറ്റുകളിലേക്ക് നയിക്കുന്നു.**

> **അല്ലാഹു കാരുണ്യവാനാണ്; നീതിമാനും. തന്റെ ദാസന്മാരോട് അവന് അതിയായ സ്നേഹമുണ്ട്. അതുകൊണ്ട് ഓരോ മനുഷ്യന്റെയും നന്മ എന്ത് എന്നും അത് എപ്പോൾ നൽകണമെന്നും അവന് ഏറ്റവും നന്നായി അറിയാം. നീതിമാനായ സ്രഷ്ടാവ് യഥാസമയം അത് നൽകുകയും ചെയ്യുന്നു. സ്രഷ്ടാവിനെക്കുറിച്ചും സൃഷ്ടിലോകത്തെക്കുറിച്ചും സൃഷ്ടികളുടെ വിജ്ഞാന പരിധികളെക്കുറിച്ചും സ്രഷ്ടാവിന്റെ അനന്തവിജ്ഞാനത്തെക്കുറിച്ചും മനസ്സിലാക്കാൻ മനുഷ്യൻ ശ്രമിക്കണം. നാം 'നന്മ' എന്ന് വിചാരിക്കുന്ന ഒരു കാര്യം യഥാർഥത്തിൽ നമുക്ക് ദോഷമാകാം. നാം വെറുക്കുന്ന, അല്ലെങ്കിൽ 'തിന്മ' എന്ന് വിചാരിക്കുന്ന ഒരു കാര്യം നമുക്ക് നന്മയുമായേക്കാം. ജയം, പരാജയം, നേടുക, നഷ്ടപ്പെടുക, കൊടുക്കുക, വാങ്ങുക തുടങ്ങിയ ഒട്ടനവധി കാര്യങ്ങളുണ്ട്. അതൊക്കെ ഓരോ മനുഷ്യനും മനസ്സിലാക്കാനും വിലയിരുത്താനും സാധിക്കുക സ്വന്തം പരിധിക്കകത്തുനിന്നാണ്.**

മനുഷ്യൻ ഒരു ദിവസം ഈ ഭൂമിയിൽ ജനിച്ചുവീഴുന്നു. മറ്റൊരു ദിവസം മരിച്ചുപോകുന്നു. അതിനിടയിലുള്ള മുഴുവൻ കാര്യങ്ങളെയും 'ജീവിതം' എന്ന് പേര് വിളിക്കുന്നു. ഇങ്ങനെ ജനിച്ച്, ജീവിച്ച്, മരിച്ച് പോകുന്ന വനുഷ്യൻ തന്റെ അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കുകയും മനസ്സിലാക്കുകയും ജീവിത ലക്ഷ്യമെന്തെന്ന് ഗ്രഹിക്കുകയും അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും അങ്ങനെ ആത്യന്തിക വിജയത്തിന് അർഹത നേടുകയും ചെയ്യേണ്ടതുണ്ട്.

ഓരോ കാലഘട്ടത്തിലെയും ജനങ്ങൾക്ക് മാർഗദർശനം നൽകുന്നതിനായി കാരുണ്യവാനായ സ്രഷ്ടാവ് പ്രവാചകന്മാരെ നിയോഗിച്ചു, വേദഗ്രന്ഥം അവതരിപ്പിച്ചു. മനുഷ്യന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും ചിന്താശേഷിയും നൽകി. അവന്റെ മാർഗദർശനം പിൻപറ്റി ജീവിക്കുന്നതാരോ അവർ മരണാനന്തരമുള്ള അനശ്വര ജീവിതത്തിൽ സ്വർഗാവകാശികളാകും. ഈ യാഥാർഥ്യം ഒരു മനുഷ്യൻ സ്വയമറിഞ്ഞ് പ്രകടിപ്പിക്കുന്ന പരമമായ വണക്കമാണ് പ്രാർഥന. സ്രഷ്ടാവുമായി നേരിട്ടുള്ള സംസാരം.

പ്രാർഥിക്കുന്നവന്റെ മനസ്സ് ശുഭചിന്തയുടെയും സ്വാസ്ഥ്യത്തിന്റെയും ഉറവിടമാണ്. അതുകൊണ്ടുതന്നെ ഇത്തരം ഒരു മനസ്സ് ആ വ്യക്തിയെ നന്മയിലൂടെ മുന്നോട്ട് നയിക്കുന്ന ഒരു ചാലകശക്തിയായി മാറുകയാണ് ചെയ്യുക.

**പ്രാഥനയും വിമർശകരും**

പ്രപഞ്ചത്തിന്റെ, പ്രകൃതിയുടെ, മനുഷ്യ ജീവിതത്തിന്റെ ഗതിയെ പ്രാർഥനകൊണ്ട് മാറ്റാൻ സാധിക്കുമോ, സാധ്യമല്ലെങ്കിൻ എന്തിനാണ് പ്രാർഥിക്കുന്നത് എന്ന് യുക്തിവാദികൾ ചോദിക്കാറുണ്ട്. ഇത് വിധി എന്ന യാഥാർഥ്യത്തെ അംഗീകരിക്കാത്തതിനാൽ ഉത്ഭൂതമാകുന്ന ചോദ്യമാണ്. വിധിവിശ്വാസം ഇസ്‌ലാമിക വിശ്വാസകാര്യങ്ങളിലെ ആണിക്കല്ലുകളിൽ ഒന്നാണ്. മനുഷ്യനെ ബാധിക്കുന്ന നന്മയും തിന്മയുമായ സർവകാര്യങ്ങളും അല്ലാഹുവിൽനിന്നാണ് എന്ന വിശ്വാസമാണത്.

സമയമില്ലായ്മ (timelessness), സ്ഥലമില്ലായ്മ (Spacelessness) പോലുള്ള സങ്കൽപങ്ങളിൽ ഉണ്ടായ നൂതനങ്ങളായ സിദ്ധാന്തങ്ങളുംപുരോഗതിയും വിധി എന്താമെന്നു മനസ്സിലാക്കാൻ പര്യാപ്തമാണ്. അത് അല്ലാഹുവിന്റെ അറിവിനെ സൂചിപ്പിക്കുന്നു. അവൻ പ്രപഞ്ചാതീതനാണ്. സമയ, സ്ഥലങ്ങൾക്ക് അതീതനാണ്. അവനല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ്. ഈ സൃഷ്ടിലോകത്തിലെ മുഴുവൻ കാര്യങ്ങളും അവൻ അറിയുന്നു. അവനെ സംബന്ധിച്ച് സ്ഥലവും കാലവുമില്ല. അവയും അല്ലാഹുവിന്റെ സൃഷ്ടിയാണ്. എന്നാൽ സൃഷ്ടിലോകത്ത് ഇതെല്ലാമുണ്ട്. അവിടെ സ്ഥലവും കാലവും ജീവിതവും മരണവും സുഖവും ദുഃഖവുമെല്ലാമുണ്ട്. ഇതൊക്കെ പ്രപഞ്ചത്തിനകത്താണ്. സമയത്തിനും സ്ഥലത്തിനുമകത്താണ് സംഭവിക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ വിജ്ഞാനം അനന്തമാണ്.



സമയ, സ്ഥല, കാലങ്ങൾക്കതീതമായി പ്രപഞ്ചത്തിലെ മുഴുവൻ കാര്യങ്ങളെക്കുറിച്ചും സമ്പൂർണ്ണമായ അറിവ് അവനുണ്ട്.

എന്നാൽ മനുഷ്യന്റെ അറിവാകട്ടെ സമയ, സ്ഥല, കാലങ്ങൾക്കുള്ളിലെ, പ്രപഞ്ചലോകത്തിനുള്ളിലെ ഒട്ടനേകം കാര്യങ്ങളുമായി ബന്ധിതമാണ്. അപ്പോൾ വിധി എന്നത് നേരത്തെ പറഞ്ഞ, അല്ലാഹുവിന്റെ ജ്ഞാനമാണ്. എന്നാൽ മനുഷ്യൻ അതിനെ മനസ്സിലാക്കുക പ്രപഞ്ചത്തിലെ ഒട്ടേറെ കാര്യങ്ങൾക്കുള്ളിലിരുന്നാണ്. മനുഷ്യൻ 'നാളെ,' 'അടുത്ത വർഷം,' 'വയസ്സുകാലത്ത്' എന്നിങ്ങനെയെല്ലാം വിചാരിക്കുന്നു. കാരണം അവൻ കാലത്തിന്റെ ഒഴുക്കിനുള്ളിൽ ജീവിക്കുന്നു. എന്നാൽ അല്ലാഹുവിന് മനുഷ്യന്റെ ജീവിതകാലം മുഴുവനും അല്ലാഹു 'ഈ നിമിഷം' എന്ന നിലയിൽ അറിയുന്നു. കാരണം അല്ലാഹിവിന് കാലമില്ല.

അല്ലാഹു പൂർണാർഥത്തിൽ നീതിമാനാകുന്നു. അവനിൽനിന്ന് അനീതിയുടെ അംശംപോലും ഒരു നിലയ്ക്കും ഉണ്ടാകുകയില്ല. വിധിയെ അതിന്റെ പരിപൂർണതയിൽ മനസ്സിലാക്കാൻ ഈ വിശ്വാസം അനിവാര്യമാണ്. ഒരാൾ പരീക്ഷക്കുവേണ്ടി നന്നായി പഠിക്കുന്നു. പരീക്ഷയിൽ വളരെ ഉയർന്ന മാർക്കോടുകൂടി പാസ്സായി ഒരു നല്ല ജോലി കിട്ടണം. ഇതാണ് അയാളുടെ ആഗ്രഹം. അയാൾ അതിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. പക്ഷേ, ചില കാരണങ്ങളാൽ അയാൾക്ക് പരീക്ഷ എഴുതാനായില്ല. അതായത് അയാൾ എന്തിനുവേണ്ടി അധ്വാനിച്ചുവോ ആ കാര്യം നടക്കാതെ പോയി. അയാൾ അല്ലാഹുവിനോട് എന്തിനുവേണ്ടി പ്രാർഥിച്ചുവോ ആ കാര്യം സഫലമാകാതെ പോയി. ഇവിടെയാണ് ചോദ്യമുയരുന്നത്; 'അയാളുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ അയാളുടെ പ്രാർഥനക്ക് കഴിഞ്ഞില്ല, പിന്നെ എന്തിനാണ് ആ മനുഷ്യൻ പ്രാർഥിച്ചത്?'



**ഈ സൃഷ്ടിലോകത്തിലെ മുഴുവൻ കാര്യങ്ങളും അല്ലാഹു അറിയുന്നു. അവനെ സംബന്ധിച്ച് സ്ഥലവും കാലവുമില്ല. അവയും അല്ലാഹുവിന്റെ സൃഷ്ടിയാണ്. എന്നാൽ സൃഷ്ടിലോകത്ത് ഇതെല്ലാമുണ്ട്. അവിടെ സ്ഥലവും കാലവും ജീവിതവും മരണവും സുഖവും ദുഃഖവുമെല്ലാമുണ്ട്. ഇതൊക്കെ പ്രപഞ്ചത്തിനകത്താണ്. സമയത്തിനും സ്ഥലത്തിനുമകത്താണ് സംഭവിക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ വിജ്ഞാനം അനന്തമാണ്. സമയ, സ്ഥല, കാലങ്ങൾക്കതീതമായി പ്രപഞ്ചത്തിലെ മുഴുവൻ കാര്യങ്ങളെക്കുറിച്ചും സമ്പൂർണമായ അറിവ് അവനുണ്ട്. എന്നാൽ മനുഷ്യന്റെ അറിവാകട്ടെ സമയ, സ്ഥല, കാലങ്ങൾക്കുള്ളിലെ, പ്രപഞ്ചലോകത്തിനുള്ളിലെ ഒട്ടനേകം കാര്യങ്ങളുമായി ബന്ധിതമാണ്.**

അയാളെ സംബന്ധിച്ച് 'നന്മ' എന്ന് നാം വിചാരിക്കുന്നത് പരീക്ഷയിൽ നല്ല മാർക്കോടെ പാസ്സാകുന്നതും മികച്ച ഒരു ജോലി ലഭിക്കുന്നതുമാണ്. പക്ഷേ, അതുമൂലം അയാളുടെ വരുംകാല ജീവിതത്തിലെ പരിണതികളെക്കുറിച്ച് നമുക്ക് ഒന്നും അറിഞ്ഞുകൂടാ. കാരണം അത് ഭാവികാലമാണ്. മനുഷ്യവിജ്ഞാനത്തിന്റെ പരിധിക്ക് അതീതമാണത്. നമ്മുടെ ചുരുങ്ങിയ വിജ്ഞാന മേഖലക്കുള്ളിൽനിന്നും നാം അയാ ളുടെ കാര്യങ്ങൾ വിലയിരുത്തുന്നു. പ്രാർഥനയുടെ ആത്യന്തികഫലത്തെക്കുറിച്ച് നമുക്കറിയില്ല.

അല്ലാഹു കാരുണ്യവാനാണ്; നീതിമാനും. തന്റെ ദാസന്മാരോട് അവന് അതിയായ സ്നേഹമുണ്ട്. അതുകൊണ്ട് ഓരോ മനുഷ്യന്റെയും നന്മ എന്ത് എന്നും അത് എപ്പോൾ നൽകണമെന്നും അവന് ഏറ്റവും നന്നായി അറിയാം. നീതിമാനായ സ്രഷ്ടാവ് യഥാസമയം അത് നൽകുകയും ചെയ്യുന്നു. സ്രഷ്ടാവിനെക്കുറിച്ചും സൃഷ്ടിലോകത്തെക്കുറിച്ചും സൃഷ്ടികളുടെ വിജ്ഞാന പരിധികെളക്കുറിച്ചും സ്രഷ്ടാവിന്റെ അനന്തവിജ്ഞാനത്തെക്കുറിച്ചും മനസ്സിലാക്കാൻ മനുഷ്യൻ ശ്രമിക്കണം.

നാം 'നന്മ' എന്ന് വിചാരിക്കുന്ന ഒരു കാര്യം യഥാർഥത്തിൽ നമുക്ക് ദോഷമാകാം. നാം വെറുക്കുന്ന,

> **പരീക്ഷണങ്ങളിലൂടെ വിശ്വാസികൾ അല്ലാഹുവിന്റെ കഴിവിനെ കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നു. അഹങ്കാരമില്ലാതെ സ്രഷ്ടാവിന് കീഴൊതുങ്ങാൻ അവരെ ഇത് പ്രാപ്തരാക്കുന്നു. അല്ലാഹു പറയുന്നത് കാണുക: “ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങൾ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്). നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല''** (58: 22,23).

അല്ലെങ്കിൽ ‘തിന്മ’ എന്ന് വിചാരിക്കുന്ന ഒരു കാര്യം നമുക്ക് നന്മയുമായേക്കാം. ജയം, പരാജയം, നേടുക, നഷ്ടപ്പെടുക, കൊടുക്കുക, വാങ്ങുക തുടങ്ങിയ ഒട്ടനവധി കാര്യങ്ങളുണ്ട്. അതൊക്കെ ഓരോ മനുഷ്യനും മനസ്സിലാക്കാനും വിലയിരുത്താനും സാധിക്കുക സ്വന്തം പരിധിക്കകത്തുനിന്നാണ്. അതുകൊണ്ട് അവയുടെയൊന്നും യാഥാർഥ്യം മനുഷ്യൻ അറിയുന്നില്ല. അവൻ നടത്തുന്ന ഏതൊരു വിലയിരുത്തലും വിശകലനവും അബദ്ധമായേക്കാം.

മനുഷ്യന്റെ ജീവിതംഒരുപരീക്ഷണമാണ്. സ്രഷ്ടാവ് മനുഷ്യനെ പല വിധത്തിലും പരീക്ഷിക്കും.:

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരി ക്കുന്നു. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു” (76:2,3).

“കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക” (2:155).

സമ്പത്ത്, സൗന്ദര്യം, ആരോഗ്യം, മക്കൾ, പദവികൾ, ഔന്നത്യം ഇതൊക്കെ പരീക്ഷണമാണ്. ഇക്കാര്യം ഉൾകൊള്ളുവാൻ ഒരു വിശ്വാസി തയ്യാറാവുകയും പ്രവാചക മാതൃക പിൻപറ്റുകയും ചെയ്യണം. ഇതിന് പ്രേരിപ്പിക്കുന്ന ഒരേയൊരു വസ്തുതയേയുള്ളൂ. അതാണ് ഉദ്ദേശ്യശുദ്ധിയുള്ള പ്രാർഥന, പ്രാർഥനയുടെ ആത്യന്തികമായ സാംഗത്യവും ഇതുതന്നെയാണ്.

പരീക്ഷണങ്ങളിലൂടെ വിശ്വാസികൾ അല്ലാഹുവിന്റെ കഴിവിനെ കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നു. അഹങ്കാരമില്ലാതെ സ്രഷ്ടാവിന് കീഴൊതുങ്ങാൻ അവരെ ഇത് പ്രാപ്തരാക്കുന്നു. അല്ലാഹു പറയുന്നത് കാണുക: “ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങൾ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്). നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല” (58: 22,23).

ഈ പ്രപഞ്ചത്തിന്റെ സകല



ചലനങ്ങളും സ്രഷ്ടാവിന്റെ കരങ്ങളിലാണ്. സൃഷ്ടികൾ ഓരോ കാര്യവും ആഗ്രഹിക്കുകയും പദ്ധതിയിടുകയും ആവിഷ്കരിക്കുകയുമൊക്കെ ചെയ്യുന്നുവെങ്കിലും സ്രഷ്ടാവിന്റെ താൽപര്യങ്ങളാണ് നടക്കുന്നതെല്ലാം. എല്ലാ കാര്യങ്ങളും കണിശമായി പുലർത്തിയിട്ടും കാര്യങ്ങൾ കൈവിട്ടു പോകുന്നതിന് ഓരോരുത്തരുടെ ജീവിതത്തിലും ഉദാഹരണങ്ങൾ എമ്പാടുമുണ്ടായിരിക്കും. നടക്കേണ്ടാത്തത് നടക്കുകയും നടക്കേണ്ടത് നടക്കാതിരിക്കുകയും ചെയ്യുന്നത് സാധാരണമാണ്. ഭാവി പ്രവചനാതീതവുമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്രഷ്ടാവായ അല്ലാഹുവിന്റെ കൈയിലാണ് കാര്യങ്ങളെല്ലാം എന്നാണ്. സൃഷ്ടിക്ക് നൻമയും ക്ഷേമവും ഭാഗ്യവും അനുഗ്രഹവും മാത്രം ഉണ്ടാകണമെങ്കിൽ അതു നേടിയെടുക്കാൻ അവനോട് ചോദിച്ചു വാങ്ങുകയല്ലാതെ മറ്റൊരു മാർഗവുമില്ല. അവന്റെ മുമ്പിൽ അവകാശവാദമുന്നയിക്കാനോ തട്ടിപ്പറിച്ച് വാങ്ങാനോ കട്ടെടുക്കാനോ ഒന്നും കഴിയില്ലല്ലോ. ഇങ്ങനെയാണ് പ്രാർഥനയുടെ അർഥതലത്തിലേക്കും പ്രാധാന്യത്തിലേക്കും വിശ്വാസികൾ എത്തിച്ചേരുന്നത്.

പ്രാർഥന കേവലം ഒരു ചടങ്ങും ആചാരവുമായി ചുരുങ്ങിക്കൂടാ: "തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതി കാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (21:90).

മൂന്ന് കാര്യങ്ങളാണ് ഇവിടെ അല്ലാഹു പറയുന്നത്. ഒന്നാമതായി നൻമയോടുള്ള അഭിനിവേശമാണ്. രണ്ടാമത്തേത് അവരുടെ പ്രാർഥനകളിൽ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളായ പ്രതീക്ഷയും ഭയവും ഉണ്ടായിരുന്നു എന്നതാണ്. മൂന്നാമത്തേത് അവർ പുലർത്തിയിരുന്ന വിനയമാണ്. ഈ ഘടകങ്ങൾ ഒരുക്കുന്ന ആത്മീയ സാഹചര്യമാണ് ശരിയായ പ്രാർഥനയുടെ പശ്ചാത്തലം. ഇത്തരം പരിസരത്തുവച്ച് ഉയരുന്ന പ്രാർഥനകൾ കേൾക്കപ്പെടുകതന്നെ ചെയ്യും.

സൽമാനുൽ ഫാരിസി(റ) യിൽനിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: "അല്ലാഹു ലജ്ജിക്കുന്നവനും ഉദാരനുമാണ്. ഒരു അടിമ അല്ലാഹുവിലേക്ക് കൈകൾ ഉയർത്തി പ്രാർഥിച്ചിട്ട് ഒന്നും നൽകാതെ അവ മടക്കുകയെന്നത് അവൻ ലജ്ജിക്കുന്ന കാര്യമാണ്" (തിർമിദി).

**"നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്, നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ. പേനകൾ ഉയർത്തപ്പെടുകയും പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു"**

**-നബി(സ്വ)**
**(തിർമിദി).**

അബൂഹുറയ്റ(റ)യിൽനിന്ന്, നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന് പ്രാഥനയെക്കാൾ ആദരവുള്ള യാതൊന്നും തന്നെയില്ല"(തിർമിദി).

അബൂഹുറയ്റ(റ)യിൽ നിന്ന്, നബി(സ്വ) പറഞ്ഞു: "അല്ലാഹുവിനോട് ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുന്നതാണ്" (തിർമിദി).

അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറയുന്നു: "നബി(സ്വ)യുടെ പിന്നിലായിരിക്കെ ഒരു ദിവസം അദ്ദേഹം എന്നോട് പറഞ്ഞു: 'അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരട്ടെയോ? നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്, നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ. പേനകൾ ഉയർത്തപ്പെടുകയും പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി).

ചോദിച്ച് ചോദിച്ച് സ്വർഗത്തിൽ പോകണം, ചോദിക്കാൻ നാണിച്ച് നരകത്തിൽ പോകരുത്. ■

ലേഖനം



# അനന്തവിശാലമായ പ്രപഞ്ചം

മരണാനന്തര ജീവിതം സത്യമോ മിഥ്യയോ? 03

മുബാറക് ബിൻ ഉമർ
: 95391 14860

പ്രപഞ്ചത്തെ സംബന്ധിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതെഴുതുമ്പോൾ ലഭിച്ച വിവരങ്ങളുടെ സംക്ഷിപ്ത രൂപമാണിവിടെ കുറിക്കുന്നത്. ശാസ്ത്രലോകത്ത് ഇപ്പോഴുള്ള വിവരങ്ങൾ; ആ വിവരങ്ങൾ പലപ്പോഴും മാറിമാറി വന്നതാണ്. ഗവേഷണവും പഠനവും പുരോഗമിക്കുന്നതിനനുസൃതമായി അവ മാറിക്കൊണ്ടേയിരിക്കും എന്നും ഗ്രഹിച്ചുകൊള്ളുക. ശാശ്വതസത്യങ്ങളായി അവയെ പരിഗണിക്കേണ്ടതില്ല. ശാശ്വതസത്യങ്ങൾ എന്ന അവസ്ഥ ദൈവികവചനങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള വിവരങ്ങൾക്ക് മാത്രമേയുള്ളൂ.

യാതൊരു മാറ്റവുമില്ലാതെ പ്രപഞ്ചം സ്ഥിരമായ അവസ്ഥയിലാണെന്ന വീക്ഷണമുള്ള സ്ഥിരസ്ഥിതി സിദ്ധാന്തം, സ്ഥിരാവസ്ഥ സിദ്ധാന്തം (STEADY STATE THEORY), സ്പന്ദന സിദ്ധാന്തം (PULSATING THEORY-1879) എന്നിവ പ്രപഞ്ചോൽപത്തിയെ കുറിച്ചുണ്ടായിരുന്നു. ഇന്ന് ഇവയ്ക്കൊന്നും ശാസ്ത്രലോകത്ത് നിലനിൽപില്ല. ഇപ്പോൾ പ്രപഞ്ചവിജ്ഞാന ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിട്ടുള്ളത് മഹാവിസ്ഫോടന സിദ്ധാന്ത (BIG BANG THEORY)മാണ്. പ്രപഞ്ചത്തിന് ഒരു മഹാവിസ്ഫോടനത്തിലൂടെ തുടക്കമുണ്ടായെന്നും അത് വികസിച്ചുകൊണ്ടേയിരിക്കുകയാണ് എന്നുമാണ് ഈ സിദ്ധാന്തത്തിന്റെ വീക്ഷണം. തുടക്കമുള്ളതിനൊക്കെ ഒടുക്കവും ഉണ്ടാകും.

അനന്തവിശാലമായ ഈ മഹാപ്രപഞ്ചത്തിന്റെ 26% തമോദ്രവ്യം (DARK WATTER) ആണ്. ബാക്കി 69% തമോഊർജവു(DARK ENERGY)മാണ്. ബാക്കി ഏകദേശം 5% മാത്രമെ സാധാരണ ദ്രവ്യം (ORDINARY ENERGY) ഉള്ളൂ. അതായത് പ്രപഞ്ചത്തിലെ 5% മാത്രമെ പഠന-നിരീക്ഷണ, ഗവേഷണത്തിന് വിധേയമാകുകയുള്ളൂ. ഈ അഞ്ചു ശതമാനമാണ് നക്ഷത്രങ്ങളും ഗ്രഹങ്ങളും താരാപഥങ്ങളും വാതകമേഘങ്ങളുമെല്ലാം. ബാക്കി 95% അദൃശ്യമോ അജ്ഞാതമോ ആയ മേഖലയിലാണ്.

**സൂര്യനിൽ 81.76% ഹൈഡ്രജൻ, 18.7% ഹീലിയം, സോഡിയം, കാത്സ്യം എന്നീ മൂലകങ്ങളാണുള്ളത്. സെക്കന്റിൽ 6570 ലക്ഷം ടൺ ഹൈഡ്രജൻ ഹീലിയം ആയി മാറുന്നതിലൂടെയാണ് സൂര്യനിൽ ഊർജം ഉൽപാദിപ്പിക്കപ്പെടുന്നത്. ഒരു സെക്കന്റിൽ സൂര്യനിൽ ഉൽപാദിപ്പിക്കപ്പെടുന്ന 1025 ജൂൾ ഊർജം ഭൂമിയിലെത്തിക്കാൻ കഴിഞ്ഞാൽ പതിനായിരം വർഷത്തേക്കാവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാനാകു മെന്നാണ് കണക്ക്. ഖുർആൻ സൂര്യനെ പ്രകാശം നൽകുന്ന വിളക്കായി സൃഷ്ടിച്ചിരിക്കുന്നു എന്ന് പ്രസ്താവിക്കുന്നുണ്ട്. (നൂഹ് 16, യൂനുസ് 5, ഫുർഖാൻ 61, നബഅ് 13)**

രണ്ട് ലക്ഷം കോടി താരാപഥങ്ങൾ (GALAXY) പ്രപഞ്ചത്തിലുണ്ടത്രെ. താരാപഥത്തിൽ നക്ഷത്രങ്ങളും ഗ്രഹങ്ങളും വാതകമേഘങ്ങളുമുണ്ടായിരിക്കും എന്നുറപ്പിക്കാവുന്ന ധാരാളം പഠനങ്ങളും തെളിവുക ളുമുണ്ട് എന്ന് ശാസ്ത്രം പറയുന്നു. 70 ഡക്സ് ട്രില്ല്യൻ (70 മില്ല്യൻ ട്രില്ല്യൻ) എണ്ണം നക്ഷത്രങ്ങളുണ്ട് എന്നാണ് കണക്ക്. 7ന് ശേഷം 22 പൂജ്യം എഴുതിയാൽ കിട്ടുന്ന സംഖ്യ!

ക്ഷീരപഥം (MILKY WAY) എന്ന താരാപഥത്തിലാണ് ഭൂമിയുൾകൊള്ളുന്ന സൗരയൂഥം (SOLAR SYSTEM) ഉള്ളത്. 300 ബില്യൺ നക്ഷത്രങ്ങളിൽ പെട്ട ഒരു നക്ഷത്രമാണ് സൂര്യൻ. ഭൂമിയിൽനിന്ന് ഏകദേശം 15 കോടി കി.മീ. അകലെയാണ് സൂര്യൻ. കൃത്യമായി പറഞ്ഞാൽ 14,94,07,000 കി.മീ. ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രമാണ് സൂര്യൻ. സ്വയം പ്രകാശിക്കുന്നവയ്ക്കാണ് നക്ഷത്രം എന്ന് പറയുന്നത്. സൂര്യൻ കഴിഞ്ഞാൽ പിന്നെ ഭൂമിക്ക് അടുത്തുള്ള നക്ഷത്രം പ്രോക്സിമാ സെന്റ്റിയാണ് (PROXIMA CENTAURI). ഭൂമിയിൽ നിന്ന് 4.25 പ്രകാശവർഷം അകലെ. പ്രകാശരശ്മികൾ ഒരു വർഷംകൊണ്ട് സഞ്ചരിക്കുന്ന ദൂരമാണ് പ്രകാശവർഷം. മൂന്നു ലക്ഷം കി.മീ. ആണ് പ്രകാശരശ്മി ഒരു സെക്കന്റിൽ സഞ്ചരിക്കുക. അതിനെ മിനുട്ടും മണിക്കൂറും ദിവസവും വർഷവും കൊണ്ട് ഗുണിക്കണം. അത് ഒമ്പതര ലക്ഷം കോടി കി.മീറ്റർ വരും. പ്രോക്സിമാസെന്റ്റിയിൽനിന്ന് പുറപ്പെട്ട പ്രകാശം ഭൂമിയിലെത്താൻ 4.25 പ്രകാശ വർഷം വേണം. മറ്റൊരു നക്ഷത്രം സൂര്യനടുത്തുണ്ടായിരുന്നുവെങ്കിൽ അതിന്റെ പ്രകാശം ഭൂമിയിലെത്തും. അതോടെ രാവും പകലും ഇതുപോലെ മാറിമാറി വരുന്ന അവസ്ഥക്ക് മാറ്റം വരുമായിരുന്നു.

നമ്മുടെ ക്ഷീരപഥത്തിന്റെ വ്യാസം ഒരു ലക്ഷം പ്രകാശവർഷമാണ്. ക്ഷീരപഥ കേന്ദ്രത്തിൽനിന്ന് 3200 പ്രകാശ വർഷമകലെയാണ് സൂര്യൻ. ക്ഷീരപഥ കേന്ദ്രത്തെ സൂര്യൻ മണിക്കൂറിൽ ഒരു ലക്ഷം കി.മീ. വേഗതയിൽ ചുറ്റുന്നു. എന്നാൽ അതോടൊപ്പം സൗരയൂഥം ഒന്നാകെ വൃത്താകാര പഥത്തിലൂടെ താരസമൂഹ കേന്ദ്രത്തെ ഭ്രമണം ചെയ്യുന്നുണ്ട്.

ഭൂമിയുടെ വ്യാപ്തത്തിന്റെ പതിമൂന്നര ലക്ഷം ഇരട്ടിയാണ് സൂര്യന്റെ വ്യാപ്തം. ഉപരിതല താപനില 5600 കെൽവിൻ. നേരെ മുകളിൽ 3000 കി.മീ. കനത്തിൽ വർണമണ്ഡലം. അവിടെനിന്ന് മുകളിലേക്ക് പോകുംതോറും വർധിച്ചു വർധിച്ചു കൊറോണയിലെത്തുമ്പോൾ താപനില പത്തുലക്ഷം കെൽവിൻ ആയി മാറും. സൂര്യന്റെ ഉൾക്കാമ്പിലെ താപനില 65 ലക്ഷം ഡിഗ്രി സെൽഷ്യസ് ആണത്രെ! അവിടെ ഒരു ചതുരശ്ര ഇഞ്ചിൽ ഒരു ലക്ഷം പൗണ്ട് മർദമാണ്. അതായത് ഒരു ചതുരശ്ര മീറ്റർ സൗരവസ്തുവിൽ 703.1 കോടി കിലോ ഗ്രാം പിണ്ഡമുണ്ടായിരിക്കും.


സൂര്യനിൽ 81.76% ഹൈഡ്രജൻ, 18.7% ഹീലിയം, സോഡിയം, കാത്സ്യം എന്നീ മൂലകങ്ങളാണുള്ളത്. സെക്കന്റിൽ 6570 ലക്ഷം ടൺ ഹൈഡ്രജൻ ഹീലിയം ആയി മാറുന്നതിലൂടെയാണ് സൂര്യനിൽ ഊർജം ഉൽപാദിപ്പിക്കപ്പെടുന്നത്. ഒരു സെക്കന്റിൽ സൂര്യനിൽ ഉൽപാദിപ്പിക്കപ്പെടുന്ന 1025 ജൂൾ ഊർജം ഭൂമിയിലെത്തിക്കാൻ കഴിഞ്ഞാൽ പതിനായിരം വർഷത്തേക്കാവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാനാകുമെന്നാണ് കണക്ക്.

ഖുർആൻ സൂര്യനെ പ്രകാശം നൽകുന്ന വിളക്കായി സൃഷ്ടിച്ചിരിക്കുന്നു എന്ന് പ്രസ്താവിക്കുന്നുണ്ട്. (നൂഹ് 16, യൂനുസ് 5, ഫുർഖാൻ 61, നബഅ് 13).

ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ എന്നീ ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥം. ഇവയെല്ലാം കൂടിച്ചേർന്നാൽ സൗരയൂഥത്തിലെ മൊത്തം ദ്രവ്യത്തിന്റെ 0.13% മാത്രമെ വരൂ. ബാക്കി 99.87% ദ്രവ്യവും സൂര്യനിലാണ് ഉള്ളത്. സെക്കന്റിൽ 40 ലക്ഷം ടൺ ഊർജമാണ് സൂര്യൻ ഉൽപാദിപ്പിക്കുന്നത്. സാധാരണ പ്രകാശം, ആൽഫാ കിരണങ്ങൾ, ബീറ്റാ കിരണങ്ങൾ, അൾട്രാവയലറ്റ് രശ്മികൾ, റേഡിയോ തരംഗങ്ങൾ തുടങ്ങിയവ സൂര്യനിൽനിന്ന് പുറപ്പെടുന്നു.

ചൂടും വെളിച്ചവും മാത്രമല്ല സൂര്യൻ നമുക്ക് നൽകുന്നത്. ഹരിതസസ്യങ്ങൾ ഭക്ഷണം നിർമിക്കുന്നത് സൂര്യപ്രകാശത്തിന്റെ സഹായത്താലാണ്. ജൈവലോകത്ത് പച്ചിലകൾക്ക് മാത്രമെ ഭക്ഷണം നിർമിക്കാൻ കഴിയൂ.

> **സൗരോർജത്തെ രാസോർജമാക്കി മാറ്റി സംഭരിക്കുകയാണ് സസ്യങ്ങൾ ചെയ്യുന്നത്. സസ്യങ്ങളും മരങ്ങളും വള്ളികളും സ്വന്തം ആവശ്യത്തിനുള്ള ഭക്ഷണം മാത്രമല്ല സംഭരിക്കുന്നത്; മനുഷ്യനടക്കമുള്ള സകല ജീവജാലങ്ങളും ഈ ഭക്ഷണത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഉപരിലോകത്തുനിന്ന് വരുന്ന മഴയും സൂര്യപ്രകാശവുമാണ് ജീവജാലങ്ങളുടെ ആഹാരത്തിന്നാധാരം. 'ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നു' (ഫാത്വിർ 3) എന്നും ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനമുണ്ട് (ദാരിയാത്ത് 22) എന്നും ആകാശത്തുനിന്നും ഭൂമിയിൽനിന്നും ഭക്ഷണം നൽകുന്നവൻ (നംല് 64) എന്നും ക്വുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.**




ധാന്യങ്ങളും കായ്കനികളുമൊക്കെ ഉൽപാദിപ്പിക്കുന്നത് ഇങ്ങനെയാണ്. അന്തരീക്ഷത്തിൽനിന്ന് കാർബൺഡൈ ഓക്സൈഡും മണ്ണിൽനിന്ന് വലിച്ചെടുക്കുന്ന ജലവും ഹരിതകണത്തിൽവച്ച് കാർബോ ഹൈഡ്രേറ്റുകളായി മാറുന്നു. ഹരിതകണത്തിലുള്ള ഹരിതകം (CLOROPHYLL) സൂര്യപ്രകാശത്തിലെ ചുവപ്പ്, നീല നിറങ്ങളിലുള്ള രശ്മികളെ ആഗിരണം ചെയ്ത് കാർബോ ഹൈഡ്രേറ്റ് നിർമാണത്തിനാവശ്യമായ ഊർജം നൽകുന്നു. ഇതാണ് പ്രകാശസംശ്ലേഷണം (PHOTOSYNTHESIS). അതിസങ്കീർണമായ ഒരു പ്രക്രിയയാണിത്. സൗരോർജത്തെ രാസോർജമാക്കി മാറ്റി സംഭരിക്കുകയാണ് സസ്യങ്ങൾ ചെയ്യുന്നത്. സസ്യങ്ങളും മരങ്ങളും വള്ളികളും സ്വന്തം ആവശ്യത്തിനുള്ള ഭക്ഷണം മാത്രമല്ല സംഭരിക്കുന്നത്; മനുഷ്യനടക്കമുള്ള സകല ജീവജാലങ്ങളും ഈ ഭക്ഷണത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഉപരിലോകത്തുനിന്ന് വരുന്ന മഴയും സൂര്യപ്രകാശവുമാണ് ജീവജാലങ്ങളുടെ ആഹാരത്തിന്നാധാരം. 'ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നു' (ഫാത്വിർ 3) എന്നും ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനമുണ്ട് (ദാരിയാത്ത് 22) എന്നും ആകാശത്തുനിന്നും ഭൂമിയിൽനിന്നും ഭക്ഷണം നൽകുന്നവൻ (നംല് 64) എന്നും ക്വുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

### സൗരയൂഥ ഗ്രഹങ്ങൾ

സൂര്യനിൽനിന്ന് 5.79 കോടി കി.മീ. അകലെയുള്ള ബുധൻ (MERCURY) സൂര്യനെ ചുറ്റാൻ 88 ദിവസവും സ്വയം ഭ്രമണത്തിന് 59 ദിവസവുമെടുക്കുന്നു. 450 ഡിഗ്രി സെൽഷ്യസ് ആണ് താപനില. 2424.8 കി.മീ. വ്യാസാർധമുള്ള ബുധൻ സിലിക്കോണുകളെകൊണ്ട് പൊതിഞ്ഞ ഒരു ഇരുമ്പുഗോളമാണ്.

ശുക്രൻ (VENUS) സൂര്യനിൽനിന്ന് 10.752 കോടി കി.മീ. അകലെയാണ്. 6016 കി.മീ. ആണ് വ്യാസാർധം. ഭൂമിയുടെ 88% വ്യാപ്തമുള്ള ശുക്രന് സ്വയം ഭ്രമണത്തിനു 243 ദിവസവും സൂര്യനെ ചുറ്റുന്നതിനു 224.7 ദിവസവും വേണം. ഉപരിതല താപം 47 ഡിഗ്രി സെൽഷ്യസ് ആണ്. ശുക്രനിലെ അന്തരീക്ഷമർദം ഭൂമിയിലേതിന്റെ 90 ഇരട്ടിയാണ്. കാർബൺഡൈ ഓക്സൈഡിന്റെ അളവ് വളരെ കൂടുതലാണ്. ബുധനും ശുക്രനും ഉപഗ്രഹങ്ങളില്ല.

സൂര്യനിൽനിന്ന് ശരാശരി 22.56 കോടി കി.മീ. അകലെയാണ് ചൊവ്വാഗ്രഹം (MARS). വ്യാസാർധം 3377.6 കി.മീ. ഭൂമിയുടെ പത്തിലൊന്ന് ഉപരിതല വ്യാപ്തം. സ്വയം ഭ്രമണത്തിന് 24 മണിക്കൂർ, 37 മിനുട്ട്, 22.5 സെക്കന്റ്. ഒരു തവണ സൂര്യനുചുറ്റും കറങ്ങാൻ 687 ദിനങ്ങൾ. ശരാശരി താപനില പകൽ 23 ഡിഗ്രി സെൽഷ്യസും രാത്രി 90 ഡിഗ്രി സെൽഷ്യസുമാണ്. അഗ്നിപർവതങ്ങളും മലനിരകളും ഗർത്തങ്ങളും വലിയ ചാലുകളും ചൊവ്വയിലുണ്ട്. ഫോബോസ്, ഡീമോസ് എന്നീ രണ്ട് ഉപഗ്രഹങ്ങൾ ചൊവ്വക്കുണ്ട്.

ഏറ്റവും വലിയ ഗ്രഹമായ വ്യാഴം (JUPITER) സൂര്യനിൽനിന്ന് 77.28 കോടി കി.മീ. ദൂരെയാണ്. സ്വയം ഭ്രമണം വെറും 92 മണിക്കൂർ, 50 മിനുട്ട്, 30 സെക്കന്റുകൊണ്ടായതിനാൽ വ്യാഴോപരിതലത്തിൽ അനുഭവപ്പെടുന്ന വേഗത മണിക്കൂറിൽ 45,000 കി.മീ. ആണ്. മധ്യരേഖ പ്രദേശം പുറത്തേക്ക് തള്ളിയും ധ്രുവപ്രദേശം പരന്നുമായാണ്. ധ്രുവീയ വ്യാസാർധം 66650 കി.മീറ്ററും മധ്യരേഖാ വ്യാസാർധം 70850 കി.മീറ്ററുമാണ്. ഭൂമിയുടെ 1317 ഇരട്ടി വ്യാപ്തമുള്ള വ്യാഴം 11.9 വർഷംകൊണ്ടാണ് സൂര്യനെ ചുറ്റുന്നത്. ഇതിനാണ് ഒരു വ്യാഴവട്ടക്കാലം എന്ന് പറയുന്നത്. താപനില 150 ഡിഗ്രി സെൽ

> “സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിനു ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു’’(യൂനുസ് 5). ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ കാലനിർണയത്തിനാണെന്നു സൂചിപ്പിക്കുന്നതായി അൽബക്വറ 189ലും കാണാം.

ഷ്യസ് ആണ്. 79 ഉപഗ്രഹങ്ങളുണ്ട്.

നഗ്നനേത്രംകൊണ്ട് കാണാവുന്ന ഏറ്റവും അകലെയുള്ള ഗ്രഹമായ ശനി (SATURN) സൂര്യനിൽനിന്ന് 141.76 കോടി കി.മീ. അകലെയാണ്. വ്യാസാർധം 59648 കി.മി. 10 മണിക്കൂർ 14 മിനുട്ടുകൊണ്ട് സ്വയം ഭ്രമണം. 29.5 വർഷം കൊണ്ട് സൂര്യനെ ചുറ്റുന്നു. വലയങ്ങളുള്ള ശനി സൗരയൂഥത്തിലെ ഏറ്റവും അഴകുള്ള ഗ്രഹമാണ്. വ്യാഴത്തെപോലെ ഹൈഡ്രജൻ സാന്ദ്രത വർധിച്ച് ലോഹരൂപമായിട്ടുണ്ടത്രെ. ശനിയുടെ ഘടന ഖര ഹൈഡ്രജൻ, അതിനെ ചുറ്റി ദ്രാവക ഹൈഡ്രജൻ, പിന്നെ വാതക ഹൈഡ്രജൻ അന്തരീക്ഷവുമാണുള്ളത്. അവിടെ ഹൈഡ്രജനു പുറമേ ഹീലിയം, അമോണിയ, മീഥേൻ, ഫോസ്ഫേൻ, ഈഥെൻ, അസറ്റലിൻ, പ്രോവൈൽ എന്നിവയുമുണ്ട്. ഉപരിതല താപനില 150 ഡിഗി സെൽഷ്യസ് ആണ്. ഭൂമിയുടെ ആയിരമിരട്ടി വലിപ്പമുള്ള ശനി ഗ്രഹത്തിന്റെ അന്തരീക്ഷം മേഘാവൃതമാണ്. ശനിക്ക് 82 ഉപഗ്രഹങ്ങളുണ്ട്.

26048 കി.മീ. വ്യാസാർധമുള്ള യുറാനസ് (URANUS) സൂര്യനിൽനിന്ന് 285.28 കോടി കി.മീ. അകലെയാണ്. ഭൂമിയുടെ 64 ഇരട്ടി വലിപ്പമുള്ള ഈ ഗ്രഹം വലുപ്പത്തിൽ സൗരയൂഥത്തിലെ മൂന്നാമതാണ്. താപനില ശരാശരി 210 ഡിഗ്രി സെൽഷ്യസ് ആണ്. സ്വയം ഭ്രമണത്തിന് 23.9 മണിക്കൂറും സൂര്യനെ ചുറ്റാൻ 84.01 വർഷവുമെടുക്കും. ഘടന ഏകദേശം സൂര്യനെ പോലെ. അന്തരീക്ഷത്തിൽ പ്രധാനമായി ഹൈഡ്രജനും ഹീലിയവും. 27 ഉപഗ്രഹങ്ങളുണ്ട്.

നെപ്ട്യൂൺ (NEPTUNE) സൂര്യനിൽനിന്ന് ശരാശരി 449.6 കോടി കി.മീ. അകലത്തിലാണുള്ളത്. 24300 കി.മീ. വ്യാസാർധം. താപനില 222 ഡിഗ്രി സെൽഷ്യസ്. സൂര്യനെ ചുറ്റാൻ 164.9 വർഷം വേണം. സ്വയം ഭ്രമണത്തിന് 16 മണിക്കൂർ, 6 മിനുട്ട്, 36 സെക്കന്റ് വേണം. യുറാനസിന് സമാനമായ ഘടനയാണ് നെപ്ട്യൂണിനുള്ളത്. ഈ ഗ്രഹത്തിന് ചുറ്റും ശനിയെ പോലെ വലയങ്ങളുണ്ട്. 17 ഉപഗ്രഹങ്ങളാണുള്ളത്.

സൂര്യനിൽനിന്ന് ഏറ്റവും അകലെ(586.56 കോടി കി.മീ.) യുള്ള പ്ലൂട്ടോ(PLUTTO)യുടെ വ്യാസാർധം 1520 കി.മീ. ആണ്. സ്വയം ഭ്രമണത്തിന് 6.4 ദിനങ്ങൾ. സൂര്യനെ ചുറ്റാൻ 248 വർഷം. അന്തരീക്ഷം നിശ്ചലമാണ്. 5 ഉപഗ്രഹങ്ങളുണ്ട്. സൂര്യന് ചുറ്റുമുള്ള നവഗ്രഹങ്ങളിൽ ഒന്നായിരുന്ന പ്ലൂട്ടോയെ പിൽക്കാലത്ത് അവയിൽനിന്നൊഴിവാക്കി. ഗ്രഹം എന്ന നിലക്കുണ്ടാകേണ്ട പ്രത്യേകതകൾ പ്ലൂട്ടോക്കില്ല എന്ന് വാനശാസ്ത്ര ലോകം പറയുന്നു. പഠനവും ഗവേഷണവും പുരോഗമിക്കുംതോറും പലതും തിരുത്തേണ്ടിവരിക സ്വാഭാവികമാണ്.

ഉപഗ്രഹങ്ങളെപ്പറ്റി പറഞ്ഞല്ലോ. അവ ഗ്രഹങ്ങളെ ചുറ്റുന്നു. ഉപഗ്രഹങ്ങൾക്ക് അവയുടെ ഗ്രഹത്തിന്റെ എട്ടിലൊന്നിൽ കുറഞ്ഞ വലിപ്പമാണുള്ളത്. എന്നാൽ ഭൂമിയുടെ ഏക ഉപഗ്രഹമായ ചന്ദ്രന് ഭൂമിയുടെ നാലിലൊന്നു വലിപ്പമുണ്ട്. ചന്ദ്രന്റെ ഉപരിതലം കുന്നുകളും കുഴികളും നിറഞ്ഞതാണ്. അതിന്റെ വ്യാസാർധം 1738 കി.മീ. ആണ്. ഭൂമിയുടെ വ്യാസത്തിന്റെ നാലിലൊന്നാണിത്. ഭാരം ഭൂമിയുടെ ഭാരത്തിന്റെ 80ൽ ഒന്നേ വരൂ. ഭൂമിക്ക് ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണപഥം അർധവൃത്താകൃതിയിലാണ്. ഭൂമിയിൽനിന്നും ചന്ദ്രനിലേക്കുള്ള കൂടിയദൂരം 406000 കിലോമീറ്ററും കുറഞ്ഞ ദൂരം 364000 കിലോമീറ്ററുമാണ്. ഭൂമിയെ ചുറ്റാൻ 27 ദിവസം, 7 മണിക്കൂർ, 43 മിനുട്ട് 11.47 സെക്കന്റാണ് ചന്ദ്രൻ എടുക്കുന്നത്. ചന്ദ്രോപരിതല താപനില പകൽ 100 ഡിഗ്രീ സെൽഷ്യസും രാത്രി 180



ഡിഗ്രീ സെൽഷ്യസുമാണ്. ചന്ദ്രന്റെ ഗുരുത്വാകർഷണം വളരെ ദുർബലമായതുകൊണ്ട് അവിടെ അന്തരീക്ഷമില്ല. അവിടെ ശബ്ദമില്ല. കാറ്റോ മഴയോ വെള്ളമോ ഇല്ല, കറുത്ത നിറമാണ് ആകാശത്തിന്. ഓക്സിജൻ, സിലിക്കൺ, അലൂമിനിയം, ഇരുമ്പ് എന്നീ മൂലകങ്ങളാണ് പ്രധാനമായുള്ളത്. ഉൽക്കകൽ പതിക്കുമ്പോൾ ഉണ്ടാകുന്ന കുലുക്കങ്ങൾ (MOON QUAKES) മണിക്കൂറുകൾ നീണ്ടുനിൽക്കും.

സൂര്യപ്രകാശത്തെ ചന്ദ്രൻ പ്രതിഫലിപ്പിക്കുന്നു. ചന്ദ്രക്കല ദിവസേന മാറി വരുന്നു. പുരാതന കാലം മുതൽക്കുതന്നെ ചന്ദ്രക്കലയെ കാലഗണനക്കുപയോഗിച്ചതായി കാണാം. ചാന്ദ്രവർഷ ഗണന പ്രകൃതിയുമായി പൊരുത്തപ്പെടുന്നു.

"സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിനു ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു" (യൂനുസ് 5).

ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ കാലനിർണയത്തിനാണെന്നു സൂചിപ്പിക്കുന്നതായി അൽബഖറ 189ലും കാണാം.

ധൂമകേതുക്കൾ, ക്ഷുദ്ര ഗ്രഹങ്ങൾ, ഉൽക്കകൾ, ചുവന്ന ഭീമന്മാർ (RED GIANTS) വെള്ളക്കുള്ളന്മാർ (WHITE DWARTS), ന്യൂട്രോൺ നക്ഷത്രങ്ങൾ, പൾസാർ (PULSARS PULSATING STARS), ക്വാസാറുകൾ (QUASARS), നെബുലകൾ (NEBULA), തമോഗർത്തങ്ങൾ (BLACK HOLES), താരസമൂഹങ്ങൾ (GALAXY), ക്ഷീരപഥം (MILKYWAY) ഇങ്ങനെ ഒട്ടനവധി അത്ഭുതങ്ങൾ ഉൾകൊള്ളുന്നതാണ് അനന്തമജ്ഞാതമവർണനീയമായ ഈ ഈ മഹാപ്രപഞ്ചം.

*(തുടരും)*

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ' യിലൂടെ ഒരു യാത്ര 30

# കണ്ണും കാതും കവർന്ന പ്രണയം

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
: 9447 701 741

**ലോകം ഉറ്റുനോക്കുന്നു!**

"പത്ത് ലക്ഷത്തോളം ആളുകൾ എന്റെ ഈ പ്രവചനം അറിഞ്ഞിട്ടുണ്ട്. ഇതിന്റെ സാക്ഷാത്കാരം ലോകം ഉറ്റുനോക്കുകയാണ്. ആയിരക്കണക്കിന് പാതിരിമാരും ഇസ്ലാമിന്റെ ശത്രുക്കളും ഈ വിവാഹം നടക്കാതിരിക്കാൻ വേണ്ടി കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. അതേസമയം ഞാൻ ലാഹോറിൽ ചെന്നപ്പോൾ ആയിരക്കണക്കിന് മുസ്ലിംകൾ നമസ്കാരശേഷം ആത്മാർഥമായി പ്രാർഥിക്കുന്നതാണ് എനിക്ക് കാണാൻ സാധിച്ചത്. ഈ വഹ്യുകൾ താങ്കളുടെ ഹൃദയത്തിലും അല്ലാഹു ഇറക്കിത്തരട്ടെ.

"ആകാശത്ത് തീരുമാനമായിക്കഴിഞ്ഞതാണ് ഈ വിവാഹം. ഭൂമിയിൽ ഇത് ആർക്കും മാറ്റാൻ കഴിയില്ല. അവനോട് യുദ്ധം ചെയ്യാനും ആർക്കും ആവില്ല. ഈ കത്തിൽ വല്ലതും അസഹ്യമായി ഉണ്ടെങ്കിൽ എന്നോട് ക്ഷമിക്കുക.

വിനീതൻ, ഗുലാം അഹ്മദ്."

**ഞാനെന്താ ചെരിപ്പുകുത്തിയോ?**

2.5.1891ന് അഹ്മദ് ബേഗിന്റെ സഹോദരി ഭർത്താവും മകൻ ഫസൽ അഹ്മദിന്റെ ഭാര്യാപിതാവുമായ അലി ശേർ ബേഗിന് മിർസാ ഖാദിയാനി എഴുതിയ കത്തും അദ്ദേഹത്തിന്റെ മറുപടിയും ഖാലിദ് വസീറാബാദിയുടെ നോശ്തയെ ഗൈബ് എന്ന ഗ്രന്ഥത്തിൽ വായിക്കാം:

**"ആകാശത്ത് തീരുമാനമായി കഴിഞ്ഞതാണ് ഈ വിവാഹം. ഭൂമിയിൽ ഇത് ആർക്കും മാറ്റാൻ കഴിയില്ല. അവനോട് യുദ്ധം ചെയ്യാനും ആർക്കും ആവില്ല. ഈ കത്തിൽ വല്ലതും അസഹ്യമായി ഉണ്ടെങ്കിൽ എന്നോട് ക്ഷമിക്കുക.'' -ഗുലാം അഹ്മദ്.**

"മിർസാ അലിശേർ ബേഗ്,

അസ്സലാമു അലൈക്കും.

നാം തമ്മിൽ യാതൊരു ശത്രുതയുമില്ലെന്ന് അല്ലാഹുവിന് നന്നായറിയാം. താങ്കൾ സരളപ്രകൃതനും സൽസ്വഭാവിയുമായ മുസ്‌ലിമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. താങ്കളെ അറിയിക്കാനുദ്ദേശിക്കുന്ന കാര്യം വളരെ ദുഃഖിപ്പിക്കുമെന്നറിയാം. എന്നെ നിസ്സാരനും നിന്ദ്യനുമായി കരുതുന്ന മതദ്വേഷികളായ ആളുകളോട് ബന്ധപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

അഹ്മദ് ബേഗിന്റെ മകളെ സംബന്ധിച്ച പ്രശ്നത്തിൽ ഞാനവരുമായി എത്രത്തോളം ശത്രുതയിലാണെന്ന് താങ്കൾക്കറിയാമല്ലോ. പെരുന്നാളിന് രണ്ടുമൂന്ന് ദിവസങ്ങൾക്കകം അവളുടെ വിവാഹം നടക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. താങ്കളുടെ വീട്ടുകാർ ഇതിന് സഹകരിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഒരുകാര്യം താങ്കളെ അറിയിക്കുന്നു. ഈ വിവാഹത്തിൽ പങ്കെടുക്കുന്നവർ എന്റെ മാത്രമല്ല ഇസ്‌ലാമിന്റെയും കഠിന ശത്രുക്കളാണ്. അവർ ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും സന്തോഷിപ്പിക്കാനാണ് കൂട്ടുനിൽക്കുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും മതത്തെ അവർ നിന്ദിക്കുന്നു. എന്നെ അപമാനിക്കുന്നു.

അവർ എനിക്കെതിരെ വീശുന്ന വാൾ തടുക്കാൻ അല്ലാഹു ബാധ്യസ്ഥനാണ്. ഞാൻ അവന്റെ നിയുക്തദാസനാണെങ്കിൽ അവൻ എന്നെ രക്ഷിച്ചുകൊള്ളും. താങ്കളുടെ ഭാര്യ തന്റെ സഹോദരനെ ശക്തമായി ഉപദേശിച്ചാൽ അയാൾ അനുസരിക്കാൻ തയ്യാറാവില്ലേ? എനിക്ക് പെണ്ണിനെ തരാതിരിക്കാൻ മാത്രം എനിക്കെന്താണൊരു കുറവ്? ഞാനെന്താ ചെരുപ്പുകുത്തിയോ മറ്റോ ആണോ? ഇക്കാര്യത്തിൽ എല്ലാവരും എനിക്കെതിരാണ്. സഹോദരനുവേണ്ടി താങ്കളുടെ ഭാര്യ എന്നെ ഉപേക്ഷിച്ചിരിക്കുന്നു. എനിക്കാ പെൺകുട്ടിയെത്തന്നെ കെട്ടിക്കൊള്ളണമെന്ന് വാശിയില്ല. പക്ഷേ, എന്റെ അനന്തരാവകാശി ആരുടെ മകനാകേണ്ടിയിരുന്നുവോ അവർതന്നെ ഇന്നെന്റെ രക്തത്തിന് ദാഹിക്കുന്നു; എന്നെ മാനഭംഗപ്പെടുത്താനാശിക്കുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ ബഹുമാന്യരാക്കും.

അല്ലാഹുവിനെ ഭയപ്പെടണമെന്നും പഴയ ബന്ധങ്ങൾ മുറിക്കരുതെന്നും ഞാൻ പലതവണ കത്തുകളെഴുതി. ഒരാളും മറുപടിപോലുമയച്ചില്ല.

ഇസ്സത്ത് ബീവിയെ ഫസൽ അഹ്മദ് മൊഴിചൊല്ലിയാലും ഇവിടെ ഒരു ചുക്കും വരാനില്ല. 'ഇയാളെന്തൊരു നാശമാണപ്പാ, എവിടെയും പോയി ചാകുന്നില്ലല്ലോ' എന്നൊക്കെ താങ്കളുടെ ഭാര്യ പറഞ്ഞെന്നു കേട്ടു. ഞാനൊരു രജിസ്റ്റർ കത്തയച്ചിട്ടുപോലും താങ്കളുടെ ഭാര്യ മറുപടി അയച്ചില്ല.

ഞാൻ നിന്ദ്യനും നീചനുമാണത്രെ! പക്ഷേ, അല്ലാഹുവിന്റെയടുത്ത് ഞാൻ മാന്യനും മഹത്ത്വമുടയവനുമാണ്. ഞാനത്രമാത്രം നിന്ദ്യനാണെങ്കിൽ എന്റെ മകനുമായി താങ്കളുടെ ബന്ധം തുടരേണ്ട ആവശ്യമില്ലല്ലോ. അതുകൊണ്ട് ഞാൻ വ്യക്തമായി പറയട്ടെ, താങ്കളുടെ ഭാര്യാസഹോദരനെ ഈ വിവാഹം നടത്താനനുവദിച്ചാൽ എന്റെ മകൻ താങ്കളുടെ മകളെ ഇവിടെ വെച്ചേക്കില്ല. ഒരിടത്ത് മുഹമ്മദീ ബീഗത്തിന്റെ വിവാഹം നടക്കുമ്പോൾ ഫസൽ അഹ്മദും ഇസ്സത്ത് ബീവിയും തമ്മിലുള്ള വിവാഹമോചനവും നടന്നിരിക്കും. അവനതിന് തയ്യാറാവുന്നില്ലെങ്കിൽ എന്റെ അനന്തരാവകാശം അവന് നിഷേധിക്കപ്പെടും. താങ്കളും ഭാര്യയും നിർബന്ധം ചെലുത്തി അഹ്മദ് ബേഗിനെക്കൊണ്ട് ഈ വിവാഹം മുടക്കിയാൽ തീർച്ചയായും എന്റെ സ്വത്തുക്കൾ താങ്കളുടെ മകനുകൂടിയായിരിക്കും. അവളെ നല്ല നിലയിൽ കുടിയിരുത്താൻ എനിക്കാവും.

ഈ സന്ദിഗ്ധ ഘട്ടത്തെ അവധാനതയോടെ കൈകാര്യം ചെയ്യണമെന്നാണ് താങ്കളോട് പറയാനുള്ളത്. അഹ്മദ് ബേഗിനെ ശക്തിയായ ഭാഷയിൽ താക്കീത് ചെയ്യുക. യുദ്ധം ചെയ്തെങ്കിലും കാര്യം നേടാൻ വീട്ടുകാരിയെ നിർബന്ധിക്കുക. അല്ലാത്തപക്ഷം അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു; നാം തമ്മിലുള്ള എല്ലാ ബന്ധങ്ങളും ഇതോടെ അവസാനിച്ചുവെന്ന് കരുതിക്കൊള്ളുക. ഫസൽ അഹ്മദിന് എന്റെ മകനും അനന്തരാവകാശിയുമാവണമെന്നുണ്ടെങ്കിൽ, ഈ നിബന്ധനക്ക് വിധേയമായി മാത്രമെ താങ്കളുടെ മകളെ ഭാര്യയായി നിലനിർത്തൂ. അവനത് അംഗീകരിക്കാത്തപക്ഷം അവൻ മരണപ്പെട്ടതായി ഞാൻ കണക്കാക്കും. എല്ലാ ബന്ധങ്ങളും അവസാനിക്കുകയും ചെയ്യും. കാര്യങ്ങളെല്ലാം കത്തിലൂടെയാണ്

ഞാനറിയുന്നത്. യാഥാർഥ്യം അല്ലാഹുവിന്നറിയാം.

വിനീതൻ, ഗുലാം അഹ്മദ്.''

4.5.1891ന് അയച്ച മറുപടി:

''സഹോദരൻ മിർസാഗുലാം അഹ്മദ് സാഹിബ്,

താങ്കളുടെ കത്തു കിട്ടി. എന്നെപ്പറ്റി നല്ലവനെന്നോ പാവമെന്നോ എന്തു വേണമെങ്കിലും കരുതിക്കൊള്ളുക, താങ്കളുടെ കൃപ. ഞാനൊരു മുസ്‌ലിം ആണ്. പക്ഷേ, താങ്കളുടെ സ്വയംകൃത നുബുവ്വത്തിൽ വിശ്വസിക്കുന്നില്ല. പൂർവികരുടെ പാതയിൽ അല്ലാഹു എന്നെ നിലനിർത്തട്ടെ എന്ന് പ്രാർഥിക്കുന്നു.

പിന്നെ, ബന്ധവിഛേദത്തെപ്പറ്റി എഴുതിക്കണ്ടു. അല്ലാഹുവുമായുള്ള ബന്ധമാണല്ലോ വലുതും ശ്രേഷ്ഠവും, അത് നഷ്ടപ്പെടാതിരിക്കട്ടെ. അഹ്മദ് ബേഗിനോട് ഞാനെന്തു പറയും? 'നേരെ വാ, നേരെ പോ എന്ന നിലപാടാണയാൾക്ക്. പിന്ന സംഭവിച്ചതെല്ലാം താങ്കൾ തന്നെ വരുത്തിവച്ചതാണ്. അഹ്മദ് ബേഗിന്റെ സ്ഥാനത്ത് താങ്കളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നുവന്ന് ചിന്തിച്ചു നോക്കൂ. എന്തു കണ്ടാണ് നിങ്ങൾ വിവാഹത്തിന് സമ്മതം മൂളുക? അമ്പത് കഴിഞ്ഞ നിത്യരോഗിക്ക് താങ്കൾ മകളെ കൊടുക്കുമോ? മുസൈലിമത്തുൽ കദ്ദാബിനെപ്പോലും തോൽപിക്കുന്ന ആളാവുമ്പോൾ വിശേഷിച്ചും.

കത്തെഴുതുമ്പോൾ ഇങ്ങനെ നിയന്ത്രണം വിട്ടാലോ? പെൺകുട്ടികൾ എല്ലാ വീട്ടിലുമുണ്ടാകും. എന്റെ മകളെ വിവാഹമോചനം ചെയ്താൽ ഒരു തരക്കേടുമില്ല. അങ്ങനെയെങ്കിലും പ്രവാചകത്വത്തിന്റെ സുന്നത്തൊന്ന് വർധിക്കുമല്ലോ. അവൾക്ക് മറ്റാരെയെങ്കിലും ലഭിക്കാൻ അല്ലാഹു അനുഗ്രഹിച്ചേക്കാം. അധ്വാനിച്ചുകിട്ടുന്ന ഉണങ്ങിയതിന് വെറുതെ കിട്ടുന്ന നനഞ്ഞതിനെക്കാൾ രുചികൂടും.

താങ്കളുടെ കത്ത് സഹിതം അഹ്മദ് ബേഗിന് ഞാൻ എഴുതിയിട്ടുണ്ട്. കാര്യങ്ങൾ അദ്ദേഹത്തിന്റെ തീരുമാനത്തിൽ തന്നെ. സ്വന്തം മകൾ ഭർതൃവീട്ടിൽ കഴിയണമെന്നു കരുതി സഹോദര പുത്രിയെ കുരുതികൊടുക്കാൻ എന്റെ ഭാര്യ കൂട്ടുനിൽക്കുമെന്ന് കരുതേണ്ട. അദ്ദേഹം തീരുമാനിച്ചാൽ ഞാനോ ഭാര്യയോ തടസ്സം നിൽക്കില്ല. ദയവുചെയ്ത് കത്തുകളിലൂടെയുള്ള പ്രകോപനവും പ്രലോഭനവും നിർത്തണം.

വിനീതൻ,

അലി ശേർ ബേഗ്.''

**സ്വന്തം വിവാഹത്തെപ്പറ്റി പ്രവചിച്ചത് പുലരാതിരിക്കാൻ ശ്രമിച്ചു എന്നാക്ഷേപിച്ചുകൊണ്ട് സ്വന്തം ഭാര്യയെയും മക്കളെയും ഊരു വിലക്കുകയാണ് ഖാദിയാനി പ്രവാചകൻ! മറുവശത്ത് മുഹമ്മദീ ബീഗത്തിനും കുടുംബത്തിനും തന്റേത് മുഴുവൻ കൊടുക്കാൻ തയ്യാറായിരുന്നു അദ്ദേഹം. മുഹമ്മദീ ബീഗത്തിന് സ്വത്തിന്റെ മൂന്നിലൊന്ന്, പിതാവിന് ഇഷ്ടമുള്ള ഓഹരി, സഹോദരന് പോലീസ് വകുപ്പിൽ ജോലി, അമ്മാവന് വേണ്ടുവോളം പണം! എന്തെല്ലാം വാഗ്ദാനങ്ങളാണ്! അയലത്തുകാർക്കും അച്ചാരം നൽകാൻ മിർസാ ഖാദിയാനി തയ്യാറായിരുന്നു! പക്ഷേ, വിവാഹത്തിന് ബീഗത്തിന്റെ വീട്ടുകാർ സമ്മതിക്കണ്ടേ!**

### കണ്ണും കാതും കവർന്ന പ്രണയം

അന്നുതന്നെ അലി ശേർ ബേഗിന്റെ ഭാര്യക്ക് രജിസ്ട്രേഡായി ഒരു കത്തയച്ചു മിർസാ ഖാദിയാനി. ഭീഷണിയുടെ സ്വരമായിരുന്നു സുദീർഘമായ ആ എഴുത്തിൽ. 'മുഹമ്മദീ ബീഗത്തിന്റെ വിവാഹം നടന്നു കഴിയുമ്പോൾ എന്റെ മകനും നിങ്ങളുടെ മകളുമായുള്ള വിവാഹമോചനവും നടന്നിരിക്കും' എന്ന് 'സോപാധിക വിവാഹമോചന'ത്തെപ്പറ്റി എഴുതിയിരുന്നു. ഇക്കാര്യം ഫസൽ അഹ്മദിനും ഹകീം നൂറുദ്ദീനും എഴുതിയിട്ടുണ്ടെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു.

6.5.1891 ന് മരുമകൾ ഇസ്സത്ത് ബീവിയെ നിർബന്ധിച്ച് സ്വന്തം ഉമ്മക്ക് കത്തെഴുതിച്ചു:

''സ്നേഹമുള്ള ഉമ്മാ,

ഇപ്പോഴെങ്കിലും എന്റെ നാശത്തെപ്പറ്റി ഓർക്കുക. എന്നെ ഒരു കാരണവശാലും ഇവിടെ നിർത്തുമെന്ന് കരുതേണ്ട. നിങ്ങൾക്ക് സാധിക്കുമെങ്കിൽ അമ്മാവനെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. അല്ലാത്ത പക്ഷം എന്റെ വിവാഹബന്ധം വേർപെടും. നാം അപമാനിതരാകും. അതിന് സാധ്യമല്ലെങ്കിൽ എന്നെ വിളിക്കാൻ ആരെയെങ്കിലും അയക്കുക.

-എന്ന്, മകൾ ഇസ്സത്ത്ബീവി.''

കത്തിനടിയിൽ മിർസാ ഖാദിയാനി കുറിച്ചിട്ടു: ''ഇസ്സത്ത് ബീവി പറഞ്ഞതുപോലെ, മുഹമ്മദീ ബീഗത്തിന്റെ വിവാഹം തടസ്സപ്പെടുത്താൻ സാധ്യമല്ലെങ്കിൽ ഇവളെ കൊണ്ടുപോവാൻ ആളെ അയക്കുക.''

കണ്ണും മൂക്കുമില്ലാത്ത പ്രേമത്തിന് നീതിയും ന്യായവും ഇല്ലെന്ന് ഈ കത്ത് തെളിയിക്കുന്നു. 2.5.1891 ലെ ഒരു പരസ്യം സമാഹാരത്തിൽ വായിക്കുക:

''വിനീതനായ ഞാൻ ഒരു ദിവ്യാടയാളം കാണിക്കേണ്ടത് മതപരമായ ഒരാവശ്യമാണെന്നു കരുതി അല്ലാഹുവിനോട് അഭ്യർഥിച്ചതിന്റെ ഫലമായി എന്റെ ബന്ധത്തിൽപെട്ട അഹ്മദ്

ബേഗിന്റെ മകളെപ്പറ്റി ഒരു പ്രഖ്യാപനം നടത്തിയത് മാന്യവായനക്കാർഓർക്കുമല്ലോ.കന്യകയായോ വിധയായോ അവൾ എന്റെ ഭാര്യാപദത്തിൽ വരുമെന്നായിരുന്നു ആ പ്രഖ്യാപനത്തിന്റെ ചുരുക്കം. ഇപ്പോൾ ഈ പരസ്യത്തിലൂടെ ഞാൻ തെര്യപ്പെടുത്താനുദ്ദേശിക്കുന്നതെന്തെന്നാൽ എന്റെ മകനും ലാഹൂറിലെ ഡെപ്യൂട്ടി തഹസിൽദാറുമായ സുൽത്താൻ അഹ്മദും അവനെ കൊച്ചാക്കി താലോലിച്ചു വളർത്തുന്ന ഉമ്മയും ഇപ്പോൾ എനിക്കെതിരെ തിരിഞ്ഞിരിക്കുകയാണ്. മറ്റൊരാളുമായി ബീഗത്തിന്റെ വിവാഹം പെരുന്നാളിന് ശേഷം നടത്താൻ എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നത് അവരാണ്.

സുൽത്താൻ അഹ്മദിനെ കാര്യം ബോധ്യപ്പെടുത്താൻ പരമാവധി ശ്രമിച്ചു. നീയും മാതാവും പിന്തിരിയണമെന്ന് താക്കീത് ചെയ്തു. അല്ലാത്തപക്ഷം നമ്മൾ തമ്മിൽ ഒരു ബന്ധവുമുണ്ടാവില്ലെന്ന് ഞാനെഴുതി. പക്ഷേ, ഒരു മറുപടിപോലും അവർ എഴുതിയില്ല. മൂർച്ചകൂടിയ ഒരു വാളുപയോഗിച്ച് എന്നെ മുറിവേൽപിച്ചിരുന്നുവെങ്കിൽ പോലും ഞാനിത്ര വേദനിക്കുമായിരുന്നില്ല. അല്ലാഹുവിനോടും റസൂലിനോടും അവരുടെ മതത്തിനോടുമുള്ള യുദ്ധപ്രഖ്യാപനമാണിത്. മറ്റുള്ളവരുടെ ശത്രുതക്ക് വഴിമരുന്നിടുകയാണവർ ചെയ്യുന്നത്. സ്വന്തം പിതാവിനെ നിസ്സാരനായിക്കണ്ട്, ശത്രുത പുലർത്തുന്ന അവൻ ഇസ്‌ലാമിന്റെ ശത്രുക്കളെ സഹായിച്ചു. അവന്റെ ഉമ്മയും അമ്മായിയമ്മയും അവനെ തെറ്റിദ്ധരിപ്പിച്ചു. ശത്രുക്കളുമായുള്ള ബന്ധം ആപത്കരമാണ്.

അതുകൊണ്ട് അവർ ഈ വിവാഹത്തിനായി പ്രവർത്തിക്കുന്നത് ഈ തീയതി മുതൽ അവസാനിപ്പിക്കാൻ തയ്യാറല്ലെങ്കിൽ, നിശ്ചയിക്കപ്പെട്ട വിവാഹം നടക്കുകയാണെങ്കിൽ, സുൽത്താൻ അഹ്മദ് എന്റെ മകനും അനന്തരാവകാശിയും അല്ലാതാവും. അവന്റെ ഉമ്മയും ഞാനും തമ്മിലുള്ള വിവാഹബന്ധവും ഇതോടെ അവസാനിക്കും.

അവന്റെ സഹോദരൻ ഫസൽ അഹ്മദ്, അഹ്മദ് ബേഗിന്റെ സഹോദരി പുത്രിയും അവന്റെ ഭാര്യയുമായ ഇസ്സത്ത് ബീവിയെ ത്വലാക് ചൊല്ലാൻ തയ്യാറാവുന്നില്ലെങ്കിൽ അവനും എന്റെ സ്വത്തിൽ അവകാശം ഉണ്ടാവുകയില്ല. സുഖദുഃഖങ്ങളിൽ, ആഘോഷങ്ങളിലും ദുഃഖാചരണങ്ങളിലും അവരെ പങ്കെടുപ്പിക്കുന്നതല്ല. അവരുമായി സഹവർത്തിത്വവും മറ്റുവിധ ബന്ധങ്ങളും നിഷിദ്ധവും വിശ്വാസത്തിനെതിരുമാണെന്ന് ഈ പ്രഖ്യാപനം മുഖേന എല്ലാവരെയും അറിയിച്ചുകൊള്ളുന്നു.

വിനീതൻ, മിർസാ ഗുലാം അഹമ്മദ്, ലുധിയാന''(ഭാഗം1, പേജ് 219-221).

സ്വന്തം വിവാഹത്തെപ്പറ്റി പ്രവചിച്ചത് പുലരാതിരിക്കാൻ ശ്രമിച്ചു എന്നാക്ഷേപിച്ചുകൊണ്ട് സ്വന്തം ഭാര്യയെയും മക്കളെയും ഊരുവിലക്കുകയാണ് ഖാദിയാനി പ്രവാചകൻ! മറുവശത്ത് മുഹമ്മദീ ബീഗത്തിനും കുടുംബത്തിനും തന്റേത് മുഴുവൻ കൊടുക്കാൻ തയ്യാറായിരുന്നു അദ്ദേഹം.

**പ്രലോഭനങ്ങൾ, വാഗ്ദാനങ്ങൾ**

മുഹമ്മദീ ബീഗത്തിന്റെ സഹോദരൻ മുഹമ്മദ് ബേഗ്, മിർസാ ഖാദിയാനിയുടെ താൽപര്യപ്രകാരം, ഹകീം നൂറുദ്ദീന്റെ ചികിത്സയിലായിരുന്നു.

“ഹകീം നൂറുദ്ദീൻ സാഹിബ്, അസ്സലാമു അലൈക്കും.

കരുണാർദ്രമായ സന്ദേശം കൈപ്പറ്റി. നന്ദി. മുഹമ്മദ് ബേഗ് സുഖം പ്രാപിച്ചുവരുന്നുവല്ലോ. അവന്റെ പിതാവ് അഹ്മദ് ബേഗ് അജ്ഞതയും അഹന്തയും മൂലം എന്നോട് കടുത്ത ശത്രുതയിലാണിപ്പോൾ. അദ്ദേഹത്തിന്റെ മകളെപ്പറ്റി അല്ലാഹു അറിയിച്ച ചില കാര്യങ്ങൾ ഞാൻ പരസ്യപ്പെടുത്തിയതാണ് കാരണം. അത് എങ്ങനെ പര്യവസാനിക്കുമെന്നറിയില്ല.

ആ കുട്ടി പോലീസ് വകുപ്പിൽ ജോലി ശരിപ്പെടുത്തിക്കൊടുക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ എനിക്കെഴുതിയിരുന്നു. മൗലവി സാഹിബ് അവനോട് നയത്തിലും മയത്തിലും കാര്യം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം.

നിനക്കുവേണ്ടി അദ്ദേഹം ശിപാർശ ചെയ്തിട്ടുണ്ട്. ഒരു വേക്കൻസി ഉണ്ടെങ്കിൽ അത് നിനക്കായിരിക്കും. അവനുവേണ്ടി ഞാൻ വളരെയേറെ ശ്രമിക്കുന്നുണ്ട് എന്ന് പറയുക. കഴിയുമെങ്കിൽ അവനെയും കൂട്ടി താങ്കൾ ഇങ്ങോട്ടു വരൂ.

-ഗുലാം അഹ്മദ്, ഇഖ്ബാൽ ഗഞ്ച്, ലുധിയാന''

(മക്തൂബാതെ അഹ്മദിയ്യ, വാല്യം 5, കത്ത് നമ്പർ 3).

സീറത്തുൽ മഹ്ദിയിൽ ഒരു നിവേദനത്തിൽ പറയുന്നു: “മുഹമ്മദീ ബീഗത്തിന്റെ അമ്മാവൻ മിർസാ ഇമാമുദ്ദീൻ മസീഹുമായി വളരെ അടുത്തുബന്ധം പുലർത്തുകയും ഈ വിവാഹം നടത്തിത്തരാമെന്ന് പറഞ്ഞ് ഒരുപാട് പണം കൈപ്പറ്റുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിൽ ഉദ്ദേശ്യശുദ്ധിയുള്ള ആളായിരുന്നില്ല അയാൾ. പണം തട്ടുക മാത്രമായിരുന്നു അയാളുടെ ലക്ഷ്യം'' (ഭാഗം1, പേജ് 174).

മുഹമ്മദീ ബീഗത്തിന് സ്വത്തിന്റെ മൂന്നിലൊന്ന്, പിതാവിന് ഇഷ്ടമുള്ള ഓഹരി, സഹോദരന് പോലീസ് വകുപ്പിൽ ജോലി, അമ്മാവന് വേണ്ടുവോളം പണം! എന്തെല്ലാം വാഗ്ദാനങ്ങളാണ്! അയലത്തുകാർക്കും അച്ചാരം നൽകാൻ മിർസാ ഖാദിയാനി തയ്യാറായിരുന്നു! പക്ഷേ, വിവാഹത്തിന് ബീഗത്തിന്റെ വീട്ടുകാർ സമ്മതിക്കണ്ടേ!

*(തുടരും)*



ലേഖനം

ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 04

# ചില പ്രവചനങ്ങൾ

**ഷാഹുൽ പാലക്കാട്**
:97478 90521

E20: **ഉദ്ദേശ്യം**

ഒരു വ്യക്തി തന്റെ ഉദ്ദേശ്യങ്ങൾക്ക് വേണ്ടി സ്വയമാണ് ഒരു ഗ്രന്ഥം രചിക്കുന്നതെങ്കിൽ മൂന്ന് കാര്യങ്ങൾ പ്രതീക്ഷിക്കാം:

1. തന്റെ വികാര വിക്ഷോഭങ്ങൾ അതിൽ പ്രകടമാകും.
2. തന്റെ അറിവിന്റെയും ബുദ്ധിയുടെയും പരിമിതി അതിനെ ബാധിക്കും.
3. തന്റെ ഭാഷ അതിൽ പ്രതിധ്വനിക്കും.

പ്രവാചക(സ്വ)ന്റെ പ്രിയ പത്നിയും പിതാമഹനും മക്കളുമെല്ലാം മരിച്ച വേദനയേറിയ എത്രയോ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്. പലായനങ്ങളുടെയും യുദ്ധങ്ങളുടെയും അധിക്ഷേപങ്ങളുടെയും സമയമുണ്ടായിട്ടുണ്ട്. എന്നാൽ ഈ വൈകാരികതകളെ ആ സമയത്ത് അവതരിച്ച ക്വുർആൻ സൂക്തങ്ങളിൽ കാണാൻ കഴിയുന്നില്ല. പ്രവാചകന്റെ വ്യക്തിപരമായ പരിമിതിയും ക്വുർആനിൽ കാണുന്നില്ല. വൈരുധ്യമില്ലാതെ പ്രപഞ്ചത്തെമുതൽ നൈതികതയെവരെ നിർവചിക്കാൻ കഴിഞ്ഞതിനാലാണ് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് ഇപ്പുറവും പ്രായോഗിക ദർശനമായി ഇസ്‌ലാം നിലനിൽക്കുന്നത്. പ്രവാചകന്റെ ഭാഷാപരിമിതി ക്വുർആനിൽ പ്രകടമാകുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് നടന്നിട്ടുള്ള പഠനങ്ങൾ ഇല്ലെന്ന് തെളിയിക്കുന്നുണ്ട്.

Author Discrimination between the Holy Qur'an and Prophet's Statements, Literary and Linguistic Computing എന്ന പഠനം പ്രവാ

**പ്രവാചക(സ്വ)ന്റെ പ്രിയ പത്നിയും പിതാമഹനും മക്കളുമെല്ലാം മരിച്ച വേദനയേറിയ എത്രയോ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്. പലായനങ്ങളുടെയും യുദ്ധങ്ങളുടെയും അധിക്ഷേപങ്ങളുടെയും സമയമുണ്ടായിട്ടുണ്ട്. എന്നാൽ ഈ വൈകാരികതകളെ ആ സമയത്ത് അവതരിച്ച ക്വുർആൻ സൂക്തങ്ങളിൽ കാണാൻ കഴിയുന്നില്ല. പ്രവാചകന്റെ വ്യക്തിപരമായ പരിമിതിയും ക്വുർആനിൽ കാണുന്നില്ല. വൈരുധ്യമില്ലാതെ പ്രപഞ്ചത്തെമുതൽ നൈതികതയെവരെ നിർവചിക്കാൻ കഴിഞ്ഞതിനാലാണ് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് ഇപ്പുറവും പ്രായോഗിക ദർശനമായി ഇസ്‌ലാം നിലനിൽക്കുന്നത്. പ്രവാചകന്റെ ഭാഷാപരിമിതി ക്വുർആനിൽ പ്രകടമാകുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് നടന്നിട്ടുള്ള പഠനങ്ങൾ ഇല്ലെന്ന് തെളിയിക്കുന്നുണ്ട്.**

ചകാധ്യാപനങ്ങളിലെ ഭാഷയും ക്വുർആനിന്റെ ശൈലിയും വ്യത്യസ്തങ്ങളാണെന്ന് സ്ഥാപിക്കുന്നതാണ്

(Words composed of a single letter are much more frequently used in the Qur'an than in the Hadith. The Qur'an contains approximately twice the number of words with nine and ten letters than the Hadith. This fact shows that the Qur'anic vocabulary contains longer words than the Hadith, words longer than eight letters. - Most importantly, 62 percent of the words from the Hadith are not found in the Qur'an and 83 percent of the Qur'an's words are not found in the Hadith).

ക്വുർആനിന്റെ ഭാഷ പ്രവാചകന്റെ ഭാഷാ ശൈലിയിൽനിന്നും വ്യത്യസ്തമാണെന്നും ആയതിനാൽ ഇവ രണ്ടും ഒരാളിൽനിന്നല്ലെന്നും ഇത് തെളിയിക്കുന്നു. ഈ പഠനമനുസരിച്ച് ക്വുർആനിക പ്രയോഗങ്ങളുടെ 83 ശതമാനം ഹദീസുകളിൽ ഇല്ലാത്തതാണ്. പ്രവാചക സൃഷ്ടിയല്ല ക്വുർആൻ എന്ന് ഇത് സമർഥിക്കുന്നു.

### E21: റോമിന്റെ തിരിച്ചുവരവ്

ക്വുർആനിലെ മുപ്പതാം അധ്യായത്തിന്റെ പേര് അൽറൂം (al-rum) എന്നാണ്. അഥവാ റോം ആണ് പ്രധാന വിഷയം. അന്നത്തെ റോമൻ-പേർഷ്യൻ സാമ്രാജ്യങ്ങൾക്കിടയിൽ തുടർച്ചയായി നടന്നിരുന്ന യുദ്ധങ്ങളുടെ സാഹചര്യത്തിൽ നിന്നാണ് (Byzantine-Sassanid War series of 602-628) ഇതിലെ ആദ്യ വചനങ്ങൾ സംസാരിച്ച് തുടങ്ങുന്നത്. ആരംഭത്തിൽ എ.ഡി 613ൽ പേർഷ്യക്ക് മുന്നിൽ റോം പരാജിതരായി. പ്രധാനപ്പെട്ട പല സ്ഥലങ്ങളും പേർഷ്യൻ സൈന്യം പിടിച്ചെടുത്തു. (History of the Byzantine State, Ostrogorsky, pp. 100-101, and History of Persia, Sykes, vol. 1, pp. 483-484. Also see The New Encyclopaedia Britannica, Micropaedia vol. 4, p. 1036).

അബ്രഹാമിക് ഏകദൈവത്വത്തിൽ വിശ്വസിച്ചിരുന്ന റോമിന് മേൽ ബഹുദൈവത്വ വിശ്വാസികളായ പേർഷ്യയുടെ വിജയം രാഷ്ട്രീയമായി അറേബ്യയിലും പ്രതിഫലിച്ചു. ഏകദൈവവിശ്വാസികൾക്ക് മേൽ ബഹുദൈവ വിശ്വാസികളുടെ വിജയമായും അതിന്റെ പേരിൽ അബ്രഹാമിക പാരമ്പര്യമുള്ള ഇസ്‌ലാമിനെ പരിഹസിക്കാനും ഈ അവസരത്തെ ചിലർ ഉപയോഗിച്ചു. വരാൻ പോകുന്ന രാഷ്ട്രീയ അട്ടിമറിയെ സംബന്ധിച്ച കൃത്യമായ പ്രവചനംകൊണ്ടാണ് ഈ അവസ്ഥയോട് ക്വുർആൻ സംവദിച്ചത്. സൂറതുർ റൂമിലെ ആദ്യവചനങ്ങളിൽ ഇങ്ങനെ കാണാം:

"റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. അടുത്തനാട്ടിൽവച്ച്. തങ്ങളുടെ പരാജയത്തിനു ശേഷം അവർ വിജയം നേടുന്നതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ. മുമ്പും പിമ്പും അല്ലാഹുവിനാകുന്നു കാര്യങ്ങളുടെ നിയന്ത്രണം. അന്നേദിവസം സത്യവിശ്വാസികൾ സന്തുഷ്ടരാകുന്നതാണ്" (30:24).

ഈ സംഭവത്തിന് ഒൻപതാം വർഷം എ.ഡി. 622ൽ ഉണ്ടായ മറ്റൊരു ഏറ്റുമുട്ടലിൽ ക്വുർആന്റെ പ്രവചനംപോലെ പേർഷ്യയെ റോം പരാജയപ്പെടുത്തുകയും വിജയികളാവുകയും ചെയ്തു. ചെറിയൊരു സമയത്തിനകം പരാജയപ്പെട്ട ഒരു വിഭാഗം വിജയിച്ച വൻശക്തിയെ കീഴ്പെടുത്തുന്നത് ചരിത്രത്തിൽ തന്നെ അപൂർവമാണ്. ആ അപൂർവത സംഭവിക്കാൻ പോകുന്നതായി ഒരു മനുഷ്യന് പ്രവചിക്കാൻ

കഴിയുന്നത് ചരിത്രത്തിൽ ഉദാഹരണമില്ലാത്ത മറ്റൊരു അത്ഭുതവും. ക്വുർആൻ ദൈവികമാണ് എന്നതിന് ഇതും ശക്തമായ ഒരു തെളിവാണ്. ചെറിയ സമയത്തിനകം റോം പേർഷ്യയെ പരാജയപ്പെടുത്തിയില്ല എങ്കിൽ ക്വുർആന്റെ പ്രവചനം തെറ്റിയതായി ജനങ്ങൾ മനസ്സിലാക്കുകയും ജനങ്ങളാൽ പ്രവാചകൻ അവഗണിക്കപ്പെടുകയും ചെയ്യുമായിരുന്നു എന്നിരിക്കെ മുഹമ്മദ് നബി(സ്വ) സ്വയമൊരിക്കലും ഇത്തരമൊരു വാദം ഉന്നയിക്കാൻ സാധ്യതയില്ല.

**എ.ഡി. 622ൽ ഉണ്ടായ മറ്റൊരു ഏറ്റുമുട്ടലിൽ ക്വുർആന്റെ പ്രവചനം പോലെ പേർഷ്യയെ റോം പരാജയപ്പെടുത്തുകയും വിജയികളാവുകയും ചെയ്തു. ചെറിയൊരു സമയത്തിനകം പരാജയപ്പെട്ട ഒരു വിഭാഗം വിജയിച്ച വൻശക്തിയെ കീഴ്പെടുത്തുന്നത് ചരിത്രത്തിൽ തന്നെ അപൂർവമാണ്. ആ അപൂർവത സംഭവിക്കാൻ പോകുന്നതായി ഒരു മനുഷ്യന് പ്രവചിക്കാൻ കഴിയുന്നത് ചരിത്രത്തിൽ ഉദാഹരണമില്ലാത്ത മറ്റൊരു അത്ഭുതവും. ക്വുർആൻ ദൈവികമാണ് എന്നതിന് ഇതും ശക്തമായ ഒരു തെളിവാണ്.**

### E22: മക്കാവിജയം

“അതല്ല, അവർ പറയുന്നുവോ; ഞങ്ങൾ സംഘടിതരും സ്വയം പ്രതിരോധിക്കാൻ കഴിവുള്ളവരുമാണ് എന്ന്. എന്നാൽ വഴിയെ ആ സംഘം തോൽപിക്കപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞോടുകയും ചെയ്യും” (ക്വുർആൻ 54:44-45).

പ്രബോധനത്തിന്റെ ആരംഭകാലത്ത് മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നു. ഭൂരിപക്ഷത്താൽ ആ ചെറിയ സംഘം വേട്ടയാടപ്പെട്ടിരുന്നു. ആ സമയത്ത് ക്വുർആൻ നൽകുന്ന പ്രത്യാശാപരമായ പ്രഖ്യാപനമാണ് ശത്രുലോകത്തെ അവർ പരാജയപ്പെടുത്തുമെന്നത്. ശേഷമുണ്ടായ നിരവധി നയതന്ത്ര നീക്കങ്ങൾക്കും പലായനങ്ങൾക്കും സംഘട്ടനങ്ങൾക്കും ശേഷം മുസ്‌ലിം ലോകം ഭൂരിപക്ഷത്തെ അതിജയിച്ചതിന് ചരിത്രം സാക്ഷിയാണ്. ഒരു ന്യൂനപക്ഷം ഭൂരിപക്ഷത്തെ പരാജയപ്പെടുത്തുന്നത് അപൂർവമാണ്. അതിന്റെ സംഭവ്യത പ്രവചിക്കുകയും അതുപോലെ സംഭവിക്കുകയും ചെയ്തത് ഇസ്‌ലാമിന്റെ സത്യത തെളിയിക്കുന്നു.

### E23: ലിബറലിസത്തെക്കുറിച്ച്

ഒരു പ്രത്യയശാസ്ത്രത്തിന്റെ നിലവാരമിരിക്കുന്നത് അതിന് ശക്തമായി മനുഷ്യനെയും ലോകത്തെയും വിശദീകരിക്കാൻ കഴിയുന്നുണ്ടോ എന്നതിലാണ്. ആ നിലയ്ക്ക് നിരീക്ഷിക്കുമ്പോൾ ഇസ്‌ലാം



ആശയങ്ങളെ മുഴുവൻ രണ്ടായി തിരിക്കുന്നു എന്നു കാണാം. ഒന്ന് മനുഷ്യന് ദൈവത്തിങ്കൽ നിന്ന് അവതീർണമായതാണ്. മറ്റെല്ലാം മനുഷ്യന് അവന്റെ ദേഹേച്ഛകൾക്കനുസരിച്ച് നിർമിച്ചവയാണ് എന്നതാണ് ഇസ്‌ലാമിന്റെ വിശദീകരണം.

“എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം...” (2:79).

സെക്യുലറിസം, ലിബറലിസം, നാസ്തികത തുടങ്ങിയ വാദങ്ങളുടെ പേരിലും ദേഹേച്ഛകൾക്കനുസരിച്ച ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നു. ദേഹേച്ഛകളെ ദൈവമാക്കി അതിന് കീഴൊതുങ്ങുന്നവർ എന്ന വിഭാഗത്തെ ക്വുർആൻ പരിചയപ്പെടുത്തുന്നു: “എന്നാൽ തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ?...” (45:23).

ലിബറൽ തത്ത്വചിന്തകനായ ജോൺ സ്റ്റുവർട്ട് മില്ലിന്റെ ഒരു പ്രശസ്ത വർത്തമാനം ഇങ്ങനെയാണ്: “You have two Lords, one is pain and the other is pleasure.”

“നിങ്ങൾക്കുള്ളത് രണ്ടു ദൈവങ്ങളാണ്, ഒന്ന് വേദനകളും ദുഃഖങ്ങളും ആണെങ്കിൽ മറ്റൊന്ന് സുഖഭോഗങ്ങളാണ്. അതിനാൽ സുഖാനുഭൂതികളുടെ ആസ്വാദനം അധികരിപ്പിക്കലാകുന്നു മനുഷ്യജീവിതങ്ങളുടെ ലക്ഷ്യം.”

അഥവാ മനുഷ്യൻ അടിസ്ഥാനപരമായി സ്വാർഥനായതുകൊണ്ടുതന്നെ അതിനെ തൃപ്തിപ്പെടുത്തി ജീവിക്കാനാണ് അവന്റെ ജനിതകവും അവനെ പ്രചോദിപ്പിക്കുന്നത്. എന്നാൽ അത്തരമൊരു അവസ്ഥയിൽ മനുഷ്യനും ജന്തുക്കളും തമ്മിൽ വ്യത്യസ്ത

കളൊന്നുമില്ല. ഈ നിലയ്ക്ക് മനുഷ്യൻ അവന്റെ ദേഹേച്ഛകളുടെ അടിമയാകാതിരിക്കാനാണ് ഇസ്‌ലാം ഉദ്‌ഘോഷിക്കുന്നത്. ഇവിടെ മനുഷ്യനെ നയിക്കുന്നത് എന്താണ് എന്നു കൃത്യമായി തിരിച്ചറിയാൽ കഴിയുന്നു എന്നതാണ് ഇസ്‌ലാമിന്റെ പ്രസക്തി. അങ്ങനെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ സാമൂഹ്യ പരിണാമം എങ്ങോട്ടായിരിക്കും എന്നുള്ള പ്രവചനവും ഇസ്‌ലാം നടത്തുന്നുണ്ട്. ഇസ്‌ലാമിന്റെ ആദർശത്തിന്റെ ബലത്താൽ ദേഹേച്ഛകൾക്കപ്പുറം അന്യനെ കാണാൻ പരിശീലിപ്പിക്കപ്പെട്ട സമുദായമാണ് പ്രവാചകന്റേത്. അതിനാൽ ഉത്തമ സമുദായം തന്റേതും പിന്നീട് ശേഷമുള്ളവരുടെയും പിന്നെ അതിനെ പിന്തുടർന്നുള്ള സമൂഹവും എന്ന പ്രവാചക വചനം കാണാം. ഈ സാമൂഹ്യ പരിണാമത്തിന്റെ തുടർച്ചയായി അവസാനകാലത്തെ പറയുമ്പോൾ പക്ഷേ, നേരെ വിപരീതമായ ഒരു ലോകക്രമത്തെയും ഇസ്‌ലാം പ്രവചിക്കുന്നു. അഥവാ കൊള്ളയും കൊലയും വ്യഭിചാരവും പലിശയും അധികരിക്കുന്ന, അനർഹരായ വ്യക്തികളുടെ കൈയിൽ അധികാരമെത്തുന്ന മോശപ്പെട്ട കാലമായാണ് അവസാന നാളുകളെ ഇസ്‌ലാം പരിചയപ്പെടുത്തുന്നത്.


മനുഷ്യൻ ദേഹേച്ഛകളിലേക്ക് ഒതുങ്ങുന്ന കാലമാണിത്. മുസ്‌ലിംകൾ എണ്ണത്തിൽ അധികമായിരിക്കും, എന്നിട്ടും ഈ അവസ്ഥയെത്തും എന്നും പ്രവാചകൻ പറയുന്നത് കാണാം. അതിന്റെ കാരണമായി അദ്ദേഹം വിശദീകരിക്കുന്നത് ഭൗതിക താൽപര്യങ്ങളിലേക്കവർ ചുരുങ്ങും എന്നു തന്നെയാണ്. ഒഴുക്കുവെള്ളത്തിലെ ചവറുകൾ പോലെയായിരിക്കും എന്നുകൂടെ മുസ്‌ലിംകളുടെ ആ അവസ്ഥയെ വിശേഷിപ്പിക്കുന്നു. സമൂഹത്തിന്റെ ഒഴുക്കിനൊത്ത് മുസ്‌ലിം ലോകം വാർക്കപ്പെടുകയെന്ന പ്രതിഭാസം തന്നെയാണല്ലോ നിലവിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നെറ്റ് ഫ്ളിക്സും മൂവീസും സീരീസുകളും മാധ്യമങ്ങളും സോഷ്യൽ മീഡിയയും ദേഹേച്ഛകൾക്കനുസരിച്ച് ജീവിച്ചു മരിക്കാൻ പറയുന്നു.

> **ഇസ്‌ലാമിന്റെ ആദർശത്തിന്റെ ബലത്താൽ ദേഹേച്ഛകൾക്കപ്പുറം അന്യനെ കാണാൻ പരിശീലിപ്പിക്കപ്പെട്ട സമുദായമാണ് പ്രവാചകന്റേത്. അതിനാൽ ഉത്തമ സമുദായം തന്റേതും പിന്നീട് ശേഷമുള്ളവരുടെയും പിന്നെ അതിനെ പിന്തുടർന്നുള്ള സമൂഹവും എന്ന പ്രവാചക വചനം കാണാം. ഈ സാമൂഹ്യ പരിണാമത്തിന്റെ തുടർച്ചയായി അവസാനകാലത്തെ പറയുമ്പോൾ പക്ഷേ, നേരെ വിപരീതമായ ഒരു ലോകക്രമത്തെയും ഇസ്‌ലാം പ്രവചിക്കുന്നു. അഥവാ കൊള്ളയും കൊലയും വ്യഭിചാരവും പലിശയും അധികരിക്കുന്ന, അനർഹരായ വ്യക്തികളുടെ കൈയിൽ അധികാരമെത്തുന്ന മോശപ്പെട്ട കാലമായാണ് അവസാന നാളുകളെ ഇസ്‌ലാം പരിചയപ്പെടുത്തുന്നത്.**

ലിബറൽ ജീവിത വീക്ഷണങ്ങൾ കുഞ്ഞുങ്ങളിൽതന്നെ കുത്തിനിറക്കപ്പെടുന്നു. ആ ഒഴുക്കിനകത്തു തന്നെയാണ് മുസ്‌ലിം ലോകവും. അഥവാ ഇസ്‌ലാമിന് മനുഷ്യ മനഃശാസ്ത്രത്തെ കൃത്യമായും അഡ്രസ്സ് ചെയ്യാനുണ്ട് എന്നുമാത്രമല്ല, ഇതനുസരിച്ച് മനുഷ്യലോകത്തിന്റെ പര്യവസാനം എങ്ങോട്ടായിരിക്കുമെന്ന് പ്രവചിക്കുകയും ചെയ്യുന്നു. ആ പ്രവചനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ദേഹേച്ഛകളെ നാസ്തികവത്കരിച്ച് ലിബറലിസവും ഹെഡോണിസവും ഭരിക്കുന്ന ലോകത്തുതന്നെയാണ് നാമും ഉള്ളതെന്ന കാര്യം വ്യക്തമാകുന്നു. മനുഷ്യനെയും അവന്റെ ഭാവിയെയും ഇസ്‌ലാം കൃത്യമായി വിശദീകരിക്കുന്നു.

### E24: ലൈംഗിക അരാജകത്വങ്ങളുടെ വ്യാപനം

"The Hour will not be established until people fornicate with each other in the road just as



donkeys fornicate." ( Ibnu Hibban, Hadith No. 6767)."

"കഴുതകൾ ഇണചേരുന്നതുപോലെ ആളുകൾ വഴിയിൽ അന്യോന്യം ലൈംഗിക വേഴ്ചയിൽ ഏർപെടുന്നതുവരെ അന്ത്യനാൾ സംഭവിക്കുകയില്ല."

വ്യഭിചാരം സാർവത്രികമാവുകയും പരസ്യമായി അതിൽ ഏർപ്പെടുകയും ചെയ്യുന്ന അവസ്ഥ ഒരു ജനതയിൽ സംഭവിച്ചാൽ മുൻഗാമികൾക്കാർക്കും വന്നിട്ടില്ലാത്ത മാരകമായ രോഗങ്ങൾകൊണ്ട് അല്ലാഹു അവരെ പരീക്ഷിക്കാതിരിക്കില്ല എന്ന ആശയമുള്ള നബി വചനവും കാണാൻ സാധിക്കും.

പ്രവാചകൻ(സ്വ) ഇത് പറയുന്നത് ലൈംഗിക അരാജകത്വങ്ങൾക്ക് വലിയ സാമൂഹ്യ അംഗീകാരം ഒന്നുമില്ലാത്ത ഒരു ലോകക്രമത്തിലാണ്. പടിഞ്ഞാറ് ക്രൈസ്തവതയും കിഴക്ക് ബുദ്ധ-ഹൈന്ദവ മതങ്ങളും മനുഷ്യനെ ഒട്ടൊക്കെ ലൈംഗിക സദാചാരവാദികളാക്കി നിലനിർത്തിയിരുന്ന കാലത്ത് ഇതിന് മാറ്റം വരുമെന്നും കഴുതകൾ പരസ്യമായി ഇണചേരുന്നപോലെ മനുഷ്യർ ചെയ്യുമെന്നും അന്നുവരെ കേട്ടുകേൾവിയില്ലാത്ത ലൈംഗിക പകർച്ചവ്യാധികൾ അതുമൂലം അവർക്കിടയിൽ വ്യാപിക്കുമെന്നുമാണ്

പ്രവാചക വചനങ്ങളുടെ സാരം. മധ്യകാലത്തിനുശേഷം വേശ്യാലയങ്ങളും വേശ്യാവൃത്തിയും യൂറോപ്പിൽ വ്യാപകമായി. തുടർന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും എയ്ഡ്സ് പോലുള്ള ചികിത്സയില്ലാത്ത മാരക ലൈംഗിക രോഗങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സി.ഡി.സിയുടെ കണക്കുകളനുസരിച്ച് 2014ൽ 1.9 മില്യൺ ലൈംഗിക വ്യാപന രോഗികളായിരുന്നു റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2019ൽ അത് 2.6 മില്യൺ ആയി ഉയർന്നു എന്നു കാണാം.

**E25: ഉയർന്ന ഗോപുരങ്ങൾ**

Now, tell me of the Last Hour, asked the man.The Prophet replied: "The one asked knows no more of it than the one asking." "Then tell me about its signs," said the man. The Prophet replied, "That you see barefoot, unclothed Bedouins competing in the construction of tall buildings."(Sunan Ibnu Majah).

നഗ്നപാദരായ, വസ്ത്രമില്ലാത്ത നാടോടികളായ അറബികളാണ് ബദവികൾ. അവർ ഉയരമുള്ള കെട്ടിടങ്ങൾ നിർമിക്കുന്നതിൽ പരസ്പരം മത്സരിക്കുന്ന അവസ്ഥയുണ്ടാകുമെന്നാണ് അന്ത്യനാളിന്റെ അടയാളങ്ങളെക്കുറിച്ച് ചോദിച്ച അനുചരനോട് നബി (സ്വ) പറയുന്നത്.

മധ്യയുഗത്തിലെ, ഇസ്‌ലാമിന്റെ സുവർണ കാലത്തുപോലും ഈ അറബ് വിഭാഗത്തിൽ വിജ്ഞാനമോ പരിഷ്കാരമോ എത്തിയിരുന്നില്ല. 1940ൽ ഗവേഷകനായ സർ വിൽഫ്രഡ് തെസിഗർ പ്രകൃതിയിലും ഭാഗ്യത്തിലും മാത്രം വിശ്വസിച്ച് ദിവസങ്ങളെ നീക്കുന്ന ഇവരുടെ ജീവിതത്തെ വിശദീകരിക്കുന്നുണ്ട്. ഈ മരുഭൂവാസികൾ സാമ്പത്തിക ഉന്നതിയിലെത്തുന്ന അവസ്ഥയാണ് ഈ പ്രവാചക വർത്തമാനം എന്നു സുവ്യക്തമാണ്. കാര്യമായ പ്രകൃതി വിഭവങ്ങളൊന്നും നോക്കിയാൽ കാണാത്ത ഈ മരുഭൂമിയിൽനിന്നും ഇവർ ഉയരമുള്ള ഗോപുരങ്ങളെ നിർമിക്കുന്നതിൽ മത്സരിക്കുമെന്ന് കേവല യുക്തിയാൽ പറയുക പ്രയാസമാണ്. എന്നാൽ ആ പ്രവാചക വചനം പുലർന്നത് ഇന്ന് നേർക്കുനേരെ കാണാം.

മിഡിൽ ഈസ്റ്റിലെ ബ്ലാക്ക് ഗോൾഡ് എന്നറിയപ്പെടുന്ന പെട്രോളിയത്തിന്റെ കണ്ടെത്തൽ അറബ് ലോകത്തെ സമ്പന്നമാക്കി മാറ്റി. ഇന്ന് ഗൾഫ് മേഖലതന്നെ ഉയരമുള്ള കെട്ടിടങ്ങളാൽ സമ്പന്നമാണ്. ഇങ്ങനെയൊരു മാറ്റമുണ്ടാകുമെന്ന് പ്രവാചകന് കേവല യുക്തിയാൽ മനസ്സിലാക്കാൻ കഴിയില്ലെന്നുറപ്പാണ്.

(തുടരും)

**മുഖചിത്രരചന** (Identikit)

സാക്ഷികൾ നൽകുന്ന വിവരങ്ങൾ വച്ചുകൊണ്ട് വിവിധയിനം മുഖഫോട്ടോകളുടെ ഭാഗങ്ങളും വിവിധയിനം മുഖരൂപങ്ങളുടെ ചിത്രങ്ങൾ വരച്ചതും ചേർത്ത് കുറ്റവാളിയുടെ മുഖചിത്രം രചിക്കുന്ന രീതിയാണിത്.

**മുഖരേഖാചിത്രം**

കാണാതായ ഒരാളുടെ, പ്രത്യേകിച്ചും ഒളിവിൽ പോയ ഒരു ക്രിമിനൽ കുറ്റവാളിയുടെ മുഖത്തിന്റെ രേഖാചിത്ര രചന (Sketching the Face of a Missing Person, Particularly of an Absconding Criminal) ഫലപ്രദമായിത്തീർന്നേക്കാവുന്നതാണ്. ഇപ്രകാരമുള്ള ഒരാളുടെ പരിചിതർ നൽകുന്ന വിവരണങ്ങൾ വച്ചുകൊണ്ട്, ഈ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള ഒരു ചിത്രകാരന്, ആ ആളുടെ മുഖത്തിന്റെ രേഖാചിത്രം വരയ്ക്കാൻ ഒരുപക്ഷേ, കഴിഞ്ഞേക്കാവുന്നതാണ്.

അയാളുടെ മുടിയുടെ പ്രകൃതം, മുഖത്തിന്റെ ആകാരം, നെറ്റി, ചെവികൾ, കണ്ണുകൾ, പുരികങ്ങൾ, മൂക്ക്, കവിൾത്ത




നമ്മുടെ രാജ്യത്തെ കോടതികൾ 34

# അന്വേഷണത്തെ സഹായിക്കുന്ന പരീക്ഷണങ്ങൾ

അബൂ ആദം അയ്മൻ

ടം, താടി, ചുണ്ട് മുതലായവയുടെ ആകൃതി എന്നിവയെപ്പറ്റിയുള്ള വിവരണങ്ങളെയാണ് ചിത്രകാരൻ ഇവിടെ ആശ്രയിക്കുന്നത്. പ്രസ്തുത വിവരണങ്ങളെ അടിസ്ഥാനമാക്കി, ചിത്രകാരൻ മുഖത്തിന്റെ ഒട്ടേറെ രേഖാചിത്രങ്ങൾ രചിക്കുന്നു. ഈ രേഖാചിത്രങ്ങളിലൊന്നിൽ ഒരുപക്ഷേ, കുറ്റവാളിയുടെ മുഖച്ഛായ ഒത്തുവന്നേക്കാവുന്നതാണ്.

### മുഖരൂപ പുനരാവിഷ്കരണം

മരണപ്പെട്ടതോ കൊല്ലപ്പെട്ടതോ ആയ ആളെ തിരിച്ചറിയുന്നതിനുവേണ്ടി, അയാളുടെ മുഖരൂപത്തിന്റെ പുനരാവിഷ്കരണം നടത്തുന്ന പ്രക്രിയയാണ് മുഖരൂപ പുനരാവിഷ്കരണം (Reconstruction of Facial Contour) ആ ആളുടേതെന്ന് സംശയിക്കപ്പെടുന്ന താടിയെല്ലുസഹിതമുള്ളതായ തലയോട്ടി ലഭ്യമായിരിക്കുകയും, എന്നാൽ ആളിന്റെ ഫോട്ടോ ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ പ്രകിയ അവലംബിക്കുന്നത്. ഒരു മനുഷ്യന്റെ മുഖത്തെ എല്ലുകളുടെ ഉപരിയായുള്ള പേശികൾക്ക് വ്യത്യസ്ത സ്ഥാനങ്ങളിൽ വ്യത്യസ്ത കനമായിരിക്കും ഉണ്ടാവുക. ഇതിനനുസരണമായ രൂപം മുഖത്തിന് നൽകുന്നതിനായി തലയോട്ടിയിലും താടിയെല്ലിലും പറ്റിപ്പിടിക്കുന്നതായ എന്തെങ്കിലും വസ്തു ആദ്യം തേച്ചുപിടിപ്പിച്ച് 'ദശക്കനം' വരുത്തുന്നു. തുടർന്ന് ആ ആളെ നല്ല പരിചയമുണ്ടായിരുന്നവർ നൽകുന്ന വിവരങ്ങണങ്ങളുടെ അടിസ്ഥാനത്തിൽ, മുഖത്തെ വടിവിനും മുഖത്തെ മടക്കുകൾ, ചുളിവുകൾ എന്നിവയ്ക്കും, കൺപുരികങ്ങളുടെ വളവുകൾക്കും കണ്ണുകളുടെ നോട്ടത്തിനും താടിയുടെയും ചുണ്ടു കളുടെയും ആകൃതിക്കും മറ്റു സൂക്ഷ്മാംശങ്ങൾക്കും രൂപം നൽകുന്നു. കഠിന പ്രയത്നം ആവശ്യമായി വരുന്ന ഈ പ്രക്രിയ ഫലപ്രദമായെന്നോ ആയില്ലെന്നോ വരാവുന്നതാണ്.

### സൂപ്പർ ഇംപൊസിഷൻ ടെക്നിക്

മരണപ്പെട്ടതോ (കൊല്ലപ്പെട്ടതോ) കാണാതായതോ ആയ ആളെ അയാളുടെ തലയോട്ടിയുടെ സവിശേഷതകൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്നതായ സാങ്കേതികവിദ്യയാണ് Technique of identification.

ആ ആളുടെ മുഖത്തിന്റെ നേർനിലയിലുള്ള ഫോട്ടോയും, അയാളുടെതെന്ന് സംശയിക്കപ്പെടുന്ന തലയോട്ടിയും (താടിയെല്ലോടുകൂടിയതോ അല്ലാത്തതോ) ലഭ്യമാണെങ്കിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താവുന്നതാണ്. മുഖത്തിന്റെ ഫോട്ടോയുടെ നെഗറ്റീവ് ആ ഫോട്ടോ എടുത്ത അതേ നേർനിലയിൽനിന്നെടുക്കുന്ന (താടിയെല്ലുസഹിതമോ അല്ലാതെയോ ഉള്ള) തലയോട്ടിയുടെ ഫോട്ടോയുടെ നെഗറ്റീവിനുമീതെ, രണ്ടിലെയും മുഖത്തിന്റെ ശരീരപരമായ സവിശേഷതാടയാളങ്ങൾ കഴിയുന്നിടത്തോളം ഒരനിരയിലും ഒരേവരിയിലും വരത്തക്കവിധം വച്ചുകൊണ്ടുള്ളതായ ഫോട്ടോ പ്രിന്റ് എടുക്കണം. ഇതിൽ ആദ്യത്തെ നെഗറ്റീവിൽനിന്നുള്ള മുഖത്തിന്റെ ബാഹ്യതല നിഴൽപ്പാടും, രണ്ടാമത്തെ നെഗറ്റീവിൽനിന്നുള്ള തലയോട്ടിയെല്ലിന്റെ നിഴൽപ്പാടും ഉണ്ടായിരിക്കും. സൂക്ഷ്മപരിശോധനയിലും പഠനത്തിലും, രണ്ടു നിഴൽപ്പാടുകളിലെയും എല്ലുഭാഗങ്ങളുടെ ഉന്തിനിൽപും ഉയർച്ചതാഴ്ചകളും വിള്ളലുകളും പരസ്പരം പൊരുത്തപ്പെടുന്നതായി കാണുന്നപക്ഷം, ആ തലയോട്ടി ആ ആളുടേതുതന്നെയെന്ന് തീരുമാനിക്കാനാവുന്നതാണ്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 40

# സൂറ: ഗാഫിർ
## (പാപം പൊറുക്കുന്നവൻ)
(മക്കയിൽ അവതരിച്ചത്)

لَا جَرَمَ أَنَّمَا تَدْعُونَنِيٓ إِلَيْهِ لَيْسَ لَهُۥ دَعْوَةٌ فِي ٱلدُّنْيَا وَلَا فِي ٱلْـَٔاخِرَةِ وَأَنَّ مَرَدَّنَآ إِلَى ٱللَّهِ وَأَنَّ ٱلْمُسْرِفِينَ هُمْ أَصْحَٰبُ ٱلنَّارِ ﴿٤٣﴾

43. നിങ്ങൾ എന്നെ ഏതൊന്നിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നുവോ അതിന് ഇഹലോകത്താകട്ടെ പരലോകത്താകട്ടെ യാതൊരു പ്രാർഥനയും ഉണ്ടാകാവുന്നതല്ല എന്നതും നമ്മുടെ മടക്കം അല്ലാഹുവിങ്കലേക്കാണ് എന്നതും അതിക്രമകാരികൾ തന്നെയാണ് നരകാവകാശികൾ എന്നതും ഉറപ്പായ കാര്യമാകുന്നു.

فَسَتَذْكُرُونَ مَآ أَقُولُ لَكُمْ ۚ وَأُفَوِّضُ أَمْرِيٓ إِلَى ٱللَّهِ ۚ إِنَّ ٱللَّهَ بَصِيرٌۢ بِٱلْعِبَادِ ﴿٤٤﴾

44. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നത് വഴിയെ നിങ്ങൾ ഓർക്കും. എന്റെ കാര്യം ഞാൻ അല്ലാഹുവിങ്കലേക്ക് ഏൽപിച്ച് വിടുന്നു. തീർച്ചയായും അല്ലാഹു ദാസൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

فَوَقَىٰهُ ٱللَّهُ سَيِّـَٔاتِ مَا مَكَرُوا۟ ۖ وَحَاقَ بِـَٔالِ فِرْعَوْنَ سُوٓءُ ٱلْعَذَابِ ﴿٤٥﴾

45. അപ്പോൾ അവർ നടത്തിയ കുതന്ത്രങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തു. ഫിർഔനിന്റെ ആളുകളെ കടുത്തശിക്ഷ വലയം ചെയ്യുകയുമുണ്ടായി.

ٱلنَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا ۖ وَيَوْمَ تَقُومُ ٱلسَّاعَةُ أَدْخِلُوٓا۟ ءَالَ فِرْعَوْنَ أَشَدَّ ٱلْعَذَابِ ﴿٤٦﴾

46. നരകം! രാവിലെയും വൈകുന്നേരവും അവർ അതിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടും. ആ അന്ത്യസമയം നിലവിൽ വരുന്ന ദിവസം ഫിർഔനിന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക (എന്ന് കൽപിക്കപ്പെടും).

وَإِذْ يَتَحَآجُّونَ فِي ٱلنَّارِ فَيَقُولُ ٱلضُّعَفَٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا نَصِيبًا مِّنَ ٱلنَّارِ ﴿٤٧﴾

47. നരകത്തിൽ അവർ അന്യോന്യം ന്യായവാദം നടത്തുന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു). അപ്പോൾ ദുർബലർ അഹംഭാവം നടിച്ചവരോട് പറയും: തീർച്ചയായും ഞങ്ങൾ നിങ്ങളെ പിന്തുടർന്ന് ജീവിക്കുകയായിരുന്നു. അതിനാൽ നരകശിക്ഷയിൽനിന്നുള്ള വല്ല വിഹിതവും ഞങ്ങളിൽനിന്ന് ഒഴിവാക്കിത്തരാൻ നിങ്ങൾക്ക് കഴിയുമോ?

قَالَ ٱلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُلٌّ فِيهَآ إِنَّ ٱللَّهَ قَدْ حَكَمَ بَيْنَ ٱلْعِبَادِ ﴿٤٨﴾

48. അഹംഭാവം നടിച്ചവർ പറയും: തീർച്ചയായും നമ്മളെല്ലാം ഇതിൽതന്നെയാകുന്നു. തീർച്ചയായും അല്ലാഹു ദാസന്മാർക്കിടയിൽ വിധി കൽപിച്ചുകഴിഞ്ഞു.

43) (ഉറപ്പായ കാര്യം) അതായത് സത്യമായതും ഉറപ്പുള്ളതും. (നിങ്ങൾ എന്നെ എന്തൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിന് ഇഹലോകത്താവട്ടെ പരലോകത്താകട്ടെ യാതൊരു പ്രാർഥനയും ഉണ്ടാവുന്നതല്ല) അതായത് പ്രാർഥിക്കപ്പെടാനോ അഭയംതേടാനോ യാതൊരർഹതയും ഇഹലോകത്തോ പരലോകത്തോ അവനില്ല. അവൻ അശക്തനും അപൂർണനുമാണ്. ഗുണമോ ദോഷമോ ജീവിതമോ മരണമോ ഉയിർത്തെഴുന്നേൽപോ അവൻ ഉടമപ്പെടുത്തുന്നില്ല.

(നമ്മുടെ മടക്കം അല്ലാഹുവിങ്കലേക്കാണ് എന്നതും) പ്രവർത്തിച്ചവർക്കെല്ലാം അവൻ അവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള പ്രതിഫലം നൽകുന്നു. (അതിരുവിട്ടവർ തന്നെയാണ് നരകാവകാശികൾ) അവനിൽ അവിശ്വസിച്ചും അവനോട് അനുസരണക്കേട് കാണിച്ചും. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി അവൻ അവനോടുതന്നെ അതിരുവിട്ടു പ്രവർത്തിച്ചു.

44) വിശ്വാസിയായ ആ മനുഷ്യൻ അവരെ ഉപദേശിക്കുകയും താക്കീത് ചെയ്യുകയും ചെയ്തെങ്കിലും അവർ അദ്ദേഹത്തെ അനുസരിക്കാൻ തയ്യാറായില്ല. അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: (എന്നാൽ ഞാൻ നിങ്ങളോട് പറയുന്നത് വഴിയെ നിങ്ങൾ ഓർക്കും) എന്റെ ഈ ഉപദേശങ്ങളെല്ലാം. മഹത്തായ പ്രതിഫലം നിങ്ങൾക്ക് നിരാകരിക്കപ്പെടുകയും ശിക്ഷ ബാധിക്കുകയും ചെയ്യുമ്പോൾ എന്റെ ഉപദേശങ്ങൾ സ്വീകരിക്കാത്തതിന്റെ പരിണിതി നിങ്ങൾക്ക് മനസ്സിലാകും.

(എന്റെ കാര്യം ഞാൻ അല്ലാഹുവിലേക്ക് ഏൽപിച്ചുവിടുന്നു) അവനിൽ ഞാൻ ഭരമേൽപിക്കുന്നു, എന്റെ എല്ലാ കാര്യങ്ങളും ഞാൻ അവന്റെ മുമ്പിൽ സമർപ്പിക്കുന്നു. നിങ്ങളിൽനിന്നുണ്ടായേക്കാവുന്ന ഗുണദോഷങ്ങളെല്ലാം ഞാൻ അവനെയേൽപിക്കുന്നു. (അല്ലാഹു ദാസന്മാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു) തന്റെ ദാസന്മാരുടെ അവസ്ഥയും അവകാശങ്ങളുമെല്ലാം അവന് നന്നായറിയാം. എന്റെ അവസ്ഥയും ബലഹീനതയും മനസ്സിലാക്കി അവൻ നിങ്ങളിൽ നിന്നും എന്നെ രക്ഷിക്കും. നിങ്ങളുടെ ദ്രോഹങ്ങൾ തടുക്കാൻ എനിക്കവൻ മതി. നിങ്ങളെക്കുറിച്ച് അവനറിയാം. അവന്റെ ഉദ്ദേശ്യമനുസരിച്ചല്ലാതെ നിങ്ങൾക്ക് പ്രവർത്തിക്കാനാവില്ല. എന്റെമേൽ നിങ്ങൾക്കുള്ള അധികാരവും അവന്റെ യുക്തിപരമായ തീരുമാനമാണ്. എല്ലാം അവന്റെ ഉദ്ദേശ്യമനുസരിച്ച് മാത്രമാണുണ്ടാകുന്നത്.

45) (അപ്പോൾ അവർ നടത്തിയ കുതന്ത്രങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തു) ഭാഗ്യവാനായ, വിശ്വാസിയായ ആ മനുഷ്യനെ ശക്തനായ അല്ലാഹു രക്ഷിച്ചു. അവർക്കിഷ്ടമില്ലാത്തത് അവരോട് പറഞ്ഞതിനാൽ ഫിർഔനും അവന്റെ ആളുകളും അദ്ദേഹത്തെ പീഡിപ്പിക്കാനും നശിപ്പിക്കാനും മുതിർന്നപ്പോൾ അവരുടെ കുതന്ത്രങ്ങളിൽനിന്ന് അല്ലാഹു രക്ഷിച്ചു. മൂസാ നബി(അ)യുടെ അതേ പ്രബോധനമാണ് അദ്ദേഹം നിർവഹിച്ചത്. അതവർക്ക് സഹിക്കാൻ കഴിയാത്തതായിരുന്നു. അവർ ശക്തരായിരുന്നതിനാൽ അവരെയത് പ്രകോപിപ്പിച്ചു. അവർക്ക് അദ്ദേഹത്തോടുള്ള വിരോധം കടുത്തു. അവർ കുതന്ത്രങ്ങൾക്ക് ശ്രമിച്ചു. അല്ലാഹു അതിൽനിന്നെല്ലാം അദ്ദേഹത്തെ സംരക്ഷിച്ചു. മാത്രവുമല്ല, ആ കുതന്ത്രങ്ങളെല്ലാം അവരിലേക്കുതന്നെ തിരിച്ചടിച്ചു.

(ഫിർഔനിന്റെ ആളുകളെ കടുത്ത ശിക്ഷ വലയം ചെയ്യുകയുമുണ്ടായി) അവരെ മുഴുവനും ഒരു സുപ്രഭാതത്തിൽ അല്ലാഹു മുക്കിനശിപ്പിച്ചു.

46). ഖബ്റിൽ (നരകം! രാവിലെയും വൈകുന്നേരവും അവർ അതിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടും. ആ അന്ത്യസമയം നിലവിൽവരുന്ന ദിവസം ഫിർഔന്റെ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽനിങ്ങൾ പ്രവേശിപ്പിക്കുക-എന്ന് കൽപിക്കപ്പെടും). അല്ലാഹുവിന്റെ ദൂതന്മാരുടെ കൽപനകൾ ധിക്കരിക്കുകയും അവരെ കളവാക്കുകയും ചെയ്യുന്നവർക്കുള്ള നിന്ദ്യമായ ശിക്ഷയാണിത്.

47). നരകക്കാരുടെ തർക്കത്തെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. അവർ പരസ്പരം ആക്ഷേപിച്ചുകൊണ്ടിരിക്കുകയും നരകത്തിന്റെ അപമാന ജീവിതത്തിൽനിന്ന് സഹായാഭ്യർഥന നടത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ട് പ്രത്യേകം പ്രയോജനമൊന്നും അവർക്കില്ല. (നരകത്തിൽ അവർ അന്യോന്യം ന്യായവാദം നടത്തുന്ന സന്ദർഭം) നേതാക്കളാണ് തങ്ങളെ വഴിതെറ്റിച്ചതെന്ന് അനുയായികൾ വാദിക്കും. അപ്പോൾ നേതാക്കൾ അവരിൽനിന്നും ഒഴിഞ്ഞുമാറും.

(അപ്പോൾ ദുർബലർ പറയും) അതായത് അനുയായികൾ പറയും. (അഹംഭാവം നടിച്ചവരോട്) സത്യത്തോട് ധിക്കാരം കാണിച്ച ഈ നേതാക്കൾ അവരെ ഈ അസത്യങ്ങളിലേക്ക് ക്ഷണിച്ചിരുന്നു. (തീർച്ചയായും ഞങ്ങൾ നിങ്ങളെ പിന്തുടർന്ന് ജീവിക്കുകയായിരുന്നു) നിങ്ങൾ ഞങ്ങളെ പിഴപ്പിക്കുകയും വഴിതെറ്റിക്കുകയും ചെയ്തു. ശിർക്കും പാപങ്ങളും നിങ്ങൾ ഞങ്ങൾക്ക് നല്ലതായി പറഞ്ഞുതന്നു. (നരകശിക്ഷയിൽ നിന്നുള്ള വല്ല വിഹിതവും ഞങ്ങളിൽനിന്ന് ഒഴിവാക്കിത്തരാൻ നിങ്ങൾക്ക് കഴിയുമോ?) കുറച്ചെങ്കിലും.

48) (അഹംഭാവം നടിച്ചവർ പറയും) തങ്ങളുടെ നിസ്സഹായത വ്യക്തമാക്കിക്കൊണ്ട്; ദൈവിക വിധി ഏവരിലും നടപ്പിലാകുമെന്നറിയുന്നതുകൊണ്ടും. (നമ്മളെല്ലാം ഇതിൽ തന്നെയാകുന്നു, തീർച്ചയായും അല്ലാഹുവിന്റെ ദാസന്മാർക്കിടയിൽ വിധി കൽപിച്ചുകഴിഞ്ഞു) എല്ലാവർക്കും ശിക്ഷയിൽ അവരവർക്ക് നിശ്ചയിച്ച വിഹിതമുണ്ട്. അത് കൂടുകയോ കുറയുകയോ ഇല്ല. ഒരാൾക്കും അതിൽ മാറ്റം വരുത്താനുമാകില്ല. ■



# ഇസ്‌ലാം

തെസ്‌നവീരാൻ

മതം ഇസ്‌ലാമിൻ
സമാധാന മാർഗം
ശഹാദത്ത് കൊണ്ട്
തുടങ്ങേണമാദ്യം

ദിനമഞ്ചുനേരം
നമസ്‌കാരം വേണം
നബി കാട്ടിത്തന്ന
വിധം വേണം ചേലിൽ

ഖുർആനിൻ മാസം
റമദാൻ വിശേഷം
വ്രതം നോറ്റിടേണം
മനഃശുദ്ധി വേണം

കഴിവുള്ളവർക്ക്
കടമയായുള്ള
സകാത്ത് കൊടുക്കാം
ധനശുദ്ധി നേടാം

കഴിയുവോരെല്ലാം
പരിശുദ്ധ മക്ക-
ത്തണയണം ഹജ്ജാൽ
വിശുദ്ധി നേടേണം

ഇസ്‌ലാമിൻ പഞ്ച-
സ്തംഭങ്ങളെല്ലാം
കളങ്കമില്ലാതെ
അനുവർത്തിച്ചെന്നാൽ

ഇരുലോക നേട്ടം
ഇറയവനേകും
കരുണയാൽ മൂടും
കനിഞ്ഞിടും സ്വർഗം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
26 August 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

**To the right goal...**
**Through the right path...**

WISDOM

# PROFESSIONAL
## STUDENTS GLOBAL CONFERENCE

2023 **SEPTEMBER** **8** **9** **10**

**KOZHIKODE**

81568 12292
wisdomstudents

WISDOM students • CV complex, PV Sami Road, Calicut